# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുത്തോലി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-കെ.ടി.എം.പി 7-1358/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 25/07/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുത്തോലി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുത്തോലി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുത്തോലി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-കെ.ടി.എം.പി 7-1358/2022 തീയ്യതി: 25/07/2022

# കോട്ടയം ജില്ലയിലെ മുത്തോലി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മുത്തോലി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 25-09-2020 മുതൽ 31-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-06-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എം. എൻ. രാധാകൃഷ്ണൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 13-06-2022 | 18-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 13-06-2022 | 18-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സജി പി.ആർ, ഓഡിറ്റ് ഓഫീസർ

ശ്രീ. ഷാജിമോൻ പി.ബി. സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. ശിവരാജ് പി. സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. ഉണ്ണികൃഷ്ണൻ എം. ഓഡിറ്റർ (ഹ.ഗ്രേ.)

ശ്രീമതി കൃഷ്ണപ്രിയ എസ്. ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അഡ്വ. ജിസ്മോൾ തോമസ് | പ്രസിഡന്റ് | 01-04-2020 | 11-06-2020 |
| സന്ധ്യാ ജി നായർ | പ്രസിഡന്റ് | 12-06-2020 | 11-11-2020 |
| രൺജിത്ത് ജി. മീനാഭവൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ലിറ്റി തോമസ് | സെക്രട്ടറി | 01-04-2020 | 01-03-2021 |
| രേണുകാദേവി അമ്മാൾ എ. എസ്. | സെക്രട്ടറി | 02-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സിബി സെബാസ്റ്റ്യൻ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. സാജൻമോൻ കെ. ആന്റെണി | വെറ്റിനറി സർജൻ | 01-04-2020 | 14-12-2020 |
| ഡോ. ഷിമി രാജൻ | വെറ്റിനറി സർജൻ | 15-12-2020 | 31-03-2021 |
| ഡോ. ജിന്റു ഫിലിപ്പ് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) | 01-04-2020 | 31-03-2021 |
| ഡോ. സെലിൻ സൈമൺ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 31-03-2021 |
| ബ്ലസ്സി ജോഷി | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2020 | 31-03-2021 |
| ദീപ മോഹൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(മുത്തോലി) | 01-04-2020 | 31-03-2021 |
| വിഷ്ണു മോഹൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(പുലിയന്നൂർ)) | 01-04-2020 | 31-03-2021 |
| ശശികല കെ. ആർ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-05-2020 |
| ശ്രീകല എസ്. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-06-2020 | 31-03-2021 |
| ലതീഷ് കുമാർ പി.വി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ആശാബാലകൃഷ്ണൻ | ഹെഡ്മിസ്ട്രസ് | 01-04-2020 | 31-03-2021 |
| ദേവേഷ് എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 18-06-2020 |
| സജി റ്റി. ആർ. | അസിസ്റ്റന്റ് സെക്രട്ടറി | 19-06-2020 | 31-03-2021 |
| ഗ്രീഷ്മ ജി | അസിസ്റ്റന്റ് എഞ്ചിനീയർ(LSGD) | 01-04-2020 | 18-10-2020 |

| | | | |
|---|---|---|---|
| ഹരിലക്ഷ്മി | അസിസ്റ്റന്റ് എഞ്ചിനീയർ(LSGD) | 19-10-2020 | 31-03-2021 |

12.11.2020 മുതൽ 29.12.2020 വരെ അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിലായിരുന്നു.

## ഉള്ളടക്കം

| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്-വിശകലനം<br>Written By: Krishnapriya.S (Auditor, On 17-06-2022)<br>Last Updated By: Sivaraj P (Senior Grade Auditor, On 20-06-2022) | 1-1 |
| 2 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: Sivaraj P (Senior Grade Auditor, On 16-06-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-07-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Sivaraj P (Senior Grade Auditor, On 16-06-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 13-07-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Sivaraj P (Senior Grade Auditor, On 16-06-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 11-07-2022) | 1-4 |
| 5 | വാർഷിക പദ്ധതി അവലോകനം<br>Written By: Saji P R (Audit Officer, On 19-06-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 11-07-2022) | 1-5 |
| 6 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: Saji P R (Audit Officer, On 20-06-2022)<br>Last Updated By: Saji P R (Audit Officer, On 20-06-2022) | 1-6 |
| 7 | സാമൂഹ്യക്ഷേമ പദ്ധതികൾ<br>Written By: P B Shajimon (Auditor, On 18-06-2022)<br>Last Updated By: P B Shajimon (Auditor, On 18-06-2022) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Krishnapriya.S (Auditor, On 15-06-2022)<br>Last Updated By: Krishnapriya.S (Auditor, On 15-06-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Saji P R (Audit Officer, On 20-06-2022)<br>Last Updated By: Saji P R (Audit Officer, On 21-06-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Krishnapriya.S (Auditor, On 15-06-2022)<br>Last Updated By: Krishnapriya.S (Auditor, On 15-06-2022) | 1-10 |
| 11 | പഞ്ചായത്തിൽ ILGMS സോഫ്റ്റ്‌വെയർ വിന്യസിക്കൽ-അവലോകനം<br>Written By: Sivaraj P (Senior Grade Auditor, On 17-06-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 11-07-2022) | 1-11 |
| 12 | ILGMS പാസ്റ്റ് ഡാറ്റാ എൻട്രി(PDE)-വിശകലനം<br>Written By: Sivaraj P (Senior Grade Auditor, On 18-06-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 11-07-2022) | 1-12 |
| 13 | ഡിജിറ്റൽ രസീതുകളുടെ വിനിമയം-അപാകതകൾ<br>Written By: Sivaraj P (Senior Grade Auditor, On 20-06-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 11-07-2022) | 1-13 |
| 14 | വൗച്ചർ തയ്യാറാക്കാതെ ബാങ്ക് അക്കൗണ്ടുകളിൽ നിന്ന് തുക പിൻവലിക്കുന്നു<br>Written By: Sivaraj P (Senior Grade Auditor, On 20-06-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 11-07-2022) | 1-14 |
| 15 | മറ്റ് ആവശ്യങ്ങൾക്കായി വസ്തുനികുതി നിർണ്ണയിച്ച ശേഷം കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നു<br>Written By: Krishnapriya.S (Auditor, On 20-06-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 11-07-2022) | 1-15 |
| 16 | അർഹമായ പരിധിയിൽ കൂടുതൽ വിസ്തീർണ്ണത്തിന് നികുതിയിളവ് നൽകി<br>Written By: Krishnapriya.S (Auditor, On 20-06-2022)<br>Last Updated By: Sivaraj P (Senior Grade Auditor, On 20-06-2022) | 1-16 |
| 17 | സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നു<br>Written By: Krishnapriya.S (Auditor, On 18-06-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 13-07-2022) | 1-17 |

| | | |
|---|---|---|
| 18 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Krishnapriya.S (Auditor, On 18-06-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 11-07-2022) | 1-18 |
| 19 | പഞ്ചായത്ത് പരിധിയിൽ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Krishnapriya.S (Auditor, On 20-06-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 11-07-2022) | 1-19 |
| 20 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസ്, രജിസ്ട്രേഷൻ എന്നിവ ഇല്ലാതെ പ്രവർത്തിക്കുന്നു<br>Written By: Krishnapriya.S (Auditor, On 20-06-2022)<br>Last Updated By: Sivaraj P (Senior Grade Auditor, On 20-06-2022) | 1-20 |
| 21 | ജലാശയങ്ങളുടെ തീരം ബലപ്പെടുത്തുന്നതിനായി ലഭിച്ച രാമച്ചം തൈകളുടെ ഉപയോഗം - നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നില്ല<br>Written By: P B Shajimon (Auditor, On 20-06-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-07-2022) | 1-21 |
| 22 | സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ- കരാറുകാർക്ക് അധിക തുക നൽകി<br>Written By: P B Shajimon (Auditor, On 20-06-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 13-07-2022) | 1-22 |
| 23 | പി.എച്ച്.സി യെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ വിനിയോഗ പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല<br>Written By: P B Shajimon (Auditor, On 20-06-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 11-07-2022) | 1-23 |
| 24 | ഇളംതോട്ടം കുന്ന് ജലനിധി പദ്ധതിക്ക് മോട്ടോറും അനുബന്ധ സാമഗ്രികളും വാങ്ങൽ- പഴയ മോട്ടോർ ലേലം ചെയ്ത് മുതൽക്കൂട്ടിയില്ല<br>Written By: P B Shajimon (Auditor, On 20-06-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 13-07-2022) | 1-24 |
| 25 | പ്രോജക്ടുകളുടെ ഫയലുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല-ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Krishnapriya.S (Auditor, On 20-06-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 11-07-2022) | 1-25 |
| 26 | ചരക്ക് സേവന നികുതി ഈടാക്കിയില്ല<br>Written By: Unnikrishnan M (Auditor, On 20-06-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-07-2022) | 1-26 |
| 27 | മുത്തോലി പ്രൈമറി ഹെൽത്ത് സെൻ്ററിലേയ്ക്ക് മരുന്ന് വാങ്ങൽ - മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമായില്ല<br>Written By: Unnikrishnan M (Auditor, On 20-06-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 11-07-2022) | 1-27 |
| 28 | ബില്ലുകളിൽ നിന്നും കുറവ് ചെയ്ത ജി.എസ്.റ്റി.തുകകൾ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് സംബന്ധിച്ച്<br>Written By: Saji P R (Audit Officer, On 20-06-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 11-07-2022) | 1-28 |
| 29 | കടപ്പാട്ടൂർ ഇടത്താവളം വിരിപ്പന്തൽ നിർമ്മാണം- ആദായനികുതി ഇനത്തിൽ കുറവ് ചെയ്ത തുക കരാറുകാരന് നൽകി<br>Written By: Saji P R (Audit Officer, On 20-06-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 13-07-2022) | 1-29 |
| 30 | ബിറ്റുമിന്റെ അധിക വില വർദ്ധനവ് നൽകൽ- അപാകതകൾ<br>Written By: Saji P R (Audit Officer, On 20-06-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 11-07-2022) | 1-30 |
| 31 | വിനിയോഗ പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല<br>Written By: P B Shajimon (Auditor, On 20-06-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-07-2022) | 1-31 |
| 32 | ആശ്രയ പദ്ധതി- ചെലവഴിക്കാത്ത തുക തിരിച്ചടച്ചില്ല<br>Written By: P B Shajimon (Auditor, On 20-06-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 11-07-2022) | 1-32 |
| 33 | കോവിഡ് പ്രവർത്തനങ്ങളുടെ അവലോകനം | 1-33 |

| | | |
|---|---|---|
| | Written By: P B Shajimon (Auditor, On 20-06-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 11-07-2022) | |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ- കരാറുകാർക്ക് അധിക തുക നൽകി<br>Written By: P B Shajimon (Auditor, On 21-06-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-07-2022) | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Krishnapriya.S (Auditor, On 15-06-2022)<br>Last Updated By: Krishnapriya.S (Auditor, On 15-06-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം<br>Written By: Sivaraj P (Senior Grade Auditor, On 17-06-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 11-07-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sivaraj P (Senior Grade Auditor, On 17-06-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 11-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ<br>Written By: Krishnapriya.S (Auditor, On 05-03-2022)<br>Last Updated By: P B Shajimon (Auditor, On 21-06-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Sivaraj P (Senior Grade Auditor, On 17-06-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 11-07-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Krishnapriya.S (Auditor, On 15-06-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 13-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Krishnapriya.S (Auditor, On 15-06-2022)<br>Last Updated By: Krishnapriya.S (Auditor, On 15-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Krishnapriya.S (Auditor, On 15-06-2022)<br>Last Updated By: Krishnapriya.S (Auditor, On 15-06-2022) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Krishnapriya.S (Auditor, On 15-06-2022)<br>Last Updated By: Krishnapriya.S (Auditor, On 15-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sivaraj P (Senior Grade Auditor, On 17-06-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Krishnapriya.S (Auditor, On 15-06-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 13-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്-വിശകലനം

2020-21 വർഷത്തെ ബജറ്റ് 29.02.2020 തീയതിയിലെ IV/1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ആയത് 18.02.2021 തീയതിയിലെ II/1-ാം നം. തീരുമാനപ്രകാരം പുതുക്കി അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവുചെലവ്, യഥാർത്ഥ വരവ് ചെലവ് എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 14928120.00 | 24733699.00 |
| വരവ് | 86726164.00 | 59006379.43 |
| ആകെ | 101654284.00 | 83740078.43 |
| ചെലവ് | 93326030.00 | 59159007.00 |
| നീക്കിയിരിപ്പ് | 8328254.00 | 24581071.43 |

### 1-2 വാർഷിക കണക്കുകളിലെ അപാകതകൾ

മുത്തോലി ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 101,985,979/- രൂപയും ചെലവ് 101,882,921/- രൂപയും തൻവർഷ പ്രവർത്തന മിച്ചം 103,058/- രൂപയുമാണ്. 31/03/2021-ലെ പഞ്ചായത്തിന്റ ആസ്തിമൂല്യം 63,733,775/- രൂപയും ബാധ്യതകളുടെ മൂല്യം 48,984,959/- രൂപയും ജനറൽ ഫണ്ട് 14,748,816/- രൂപയുമാണ്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി കാണുന്നു.

1. 31/03/2021 തീയതിയിലെ പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലെ മുന്നിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.
2. പഞ്ചായത്ത് ഫണ്ടിലുള്ള മറ്റ് തദ്ദേശ സ്ഥാപന വിഹിതങ്ങൾ, ഗുണഭോക്തൃ വിഹിതം തുടങ്ങിയ ഫണ്ടുകളുടെ മുന്നിരിപ്പിന്റെ വിശദാംശം എ.സി.ആറിൽ ലഭ്യമല്ല.
3. പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്ന വിവിധ ഡെപോസിറ്റ് തുകകൾ (B-7ഷെഡ്യൂൾ) മുന്നിരിപ്പ്, തൻവർഷ ഇടപാടുകൾ എന്നിവ ഏത് പ്രോജക്ട് സംബന്ധമാണെന്നുള്ള ഉദ്ദേശ്യവും വിശദാംശവും രജിസ്റ്ററിൽ ലഭ്യമല്ല. കൃത്യമായ വിശദാംശങ്ങളുടെ അഭാവത്തിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് സാധിച്ചിട്ടില്ല.
4. സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
5. അക്രുവൽ വരവിനങ്ങൾക്ക് മുൻകൂർ ലഭിച്ച തുക 31/03/2021 ബാലൻസ് ഷീറ്റ്(ബി-9) പ്രകാരമുള്ളതിന്റെ കൃത്യത ഡിമാന്റ് രജിസ്റ്ററിലൂടെ വ്യക്തമാക്കിയിട്ടില്ല. വാടക അഡ്വാൻസ് മുന്നിരിപ്പ് 25,500/- ക്രമീകരിക്കാതെ തുടരുന്നു. ടി തുക ഏത് വർഷത്തേക്ക് ഏത് കുത്തകക്കാരൻ ഒടുക്കിയതാണ് എന്നത് വ്യക്തമല്ല.
6. 31/03/2021 തീയതിയിലെ ബാലൻസ് ഷീറ്റ് B-9 ഷെഡ്യൂളിലെ SGST, CGST തുകകൾ അക്കൗണ്ട് ചെയ്യുന്ന ശീർഷകങ്ങൾ നെഗറ്റീവ് മുന്നിരിപ്പുണ്ടായിരുന്നത് തൻവർഷം ക്രമീകരിക്കാതിരുന്നതിനാൽ നീക്കിയിരിപ്പിലും നെഗറ്റീവ് കാണിക്കുന്നു.
7. 26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തി-ബാധ്യത നിർണ്ണയം നടത്തി കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല. ആകെ 2 ലക്ഷം രൂപ മാത്രമാണ് ഭൂമിയുടെ മൂല്യമായി 31/03/2021 വരെ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടുള്ളത്.
8. 2020-21 വർഷം റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ നടത്തിയിട്ടുണ്ടെങ്കിലും ആയത് മുഴുവനും ആസ്തിയായി അക്കൗണ്ട് ചെയ്തിട്ടില്ല. പ്രസ്തുത അക്കൗണ്ടിങ്ങ് അപാകത മൂലം തൻവർഷം ചെയ്ത റോഡ് ആസ്തികൾ മുഴുവനായും 31/03/2021 ബാലൻസ് ഷീറ്റിൽ പ്രതിഫലിച്ചിട്ടില്ല.

9. 31/03/2021 ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂൾ പ്രകാരം വാടക നിക്ഷേപം(Rent Deposit) 175,856/- രൂപയാണ് പഞ്ചായത്ത് ഫണ്ടിലുള്ളത്. എന്നാൽ ഏതെല്ലാം കുത്തകക്കാരിൽ നിന്നാണ് ടി തുക ഈടാക്കിയിട്ടുള്ളത് എന്ന് വാടക ഡിമാന്റ് രജിസ്റ്ററിലോ ഡെപോസിറ്റ് രജിസ്റ്ററിലോ ചേർത്തിട്ടില്ല. നിലവിലുള്ള കുത്തകക്കാർ എല്ലാം വാടക നിക്ഷേപം ഒടുക്കിയിട്ടുണ്ടോ എന്ന് വ്യക്തമല്ല.
10. വസ്തുനികുതി ഡിമാന്റ്-കളക്ഷൻ-ബാലൻസ് സഞ്ചയ പ്രകാരമുള്ളത് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. വാടക, ലൈസൻസ്, തൊഴിൽ നികുതി എന്നിവയുടെ കണക്കുകൾ ക്രോഡീകരിച്ച് ഡി.സി.ബി. തയ്യാറാക്കിയിട്ടില്ല.
11. കൃഷി ഓഫീസർ നിർവ്വഹിച്ച പ്രോജക്റ്റുകൾ പ്രകാരം(5/21-18,900/-, 13/21-16,470/-, 181/21-75,900/-), ഡയറി എക്സ്റ്റെൻഷൻ ഓഫീസർ നിർവ്വഹിച്ച പ്രോജക്റ്റുകൾ പ്രകാരം(90/21-2 ലക്ഷം, 101/21-2 ലക്ഷം) ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിച്ച ഗുണഭോക്തൃ വിഹിതം ചെലവ് വാർഷിക കണക്കിലും സുലേഖ ചെലവ് പത്രികയിലും അക്കൗണ്ട് ചെയ്തില്ല. ആയതിനാൽ 2020-21 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക I-6 ഷെഡ്യൂൾ 160300206 ശീർഷകത്തിലും സുലേഖ ചെലവ് പത്രികയിലും പ്രോജക്റ്റ് ചെലവ് ശീർഷകങ്ങളിലും പ്രസ്തുത ചെലവ് പ്രതിഫലിച്ചിട്ടില്ല.
12. പഞ്ചായത്തിൽ അഡ്വാൻസ് രജിസ്റ്റർ കൃത്യമായ മുന്നിരിപ്പ് വിശദാംശങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. 31/03/2021 തീയതിയിലെ ബാലൻസ് ഷീറ്റ് ബ-18 ഡെപോസിറ്റ് തുകകളുടെ ആധികാരികതയോ അക്കൗണ്ട് ശീർഷകങ്ങളിലെ മുന്നിരിപ്പിന്റെ കൃത്യതയോ വ്യക്തമല്ല.
13. Capital Work In Progress ശീർഷകത്തിൽ മുന്നിരിപ്പിന്റെ വിശദാംശം ലഭ്യമല്ല. 2020-21 ൽ ഒരു പ്രവൃത്തി പോലും ആസ്തിയായി ക്രമീകരിച്ചിട്ടില്ല. പാർട്ട് ബിൽ നൽകുന്ന ആസ്തികളുടെ വിവരവും ഫൈനൽ ബിൽ ക്രമീകരണവും രജിസ്റ്റർ സൂക്ഷിച്ച് നിരീക്ഷിക്കുകയോ ക്രമീകരിക്കുകയോ ചെയ്തിട്ടില്ല. രജിസ്റ്ററിന്റെ അഭാവത്തിൽ 2020-21 ൽ Capital Work In Progress ആയി അക്കൗണ്ട് ചെയ്യപ്പെട്ട 3,928,605/- രൂപ പാർട്ട് ബിൽ പ്രകാരമുള്ളതാണോ എന്നത് വ്യക്തമല്ല.
14. നിക്ഷേപ പ്രവൃത്തികൾക്ക് KSEB യിൽ പ്രോജക്റ്റ് നം.227/21 പ്രകാരം നിക്ഷേപിച്ച 145,113/- രൂപ നിക്ഷേപ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല. പ്രോജക്റ്റ് നം. 230/21 പ്രകാരം നിക്ഷേപിച്ച 2.75 ലക്ഷം രൂപ നിക്ഷേപ 460500202 ശീർഷകത്തിനു പകരം ആസ്തിയായി 414120001 ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിരിക്കുന്നു. അക്കൗണ്ടിങ്ങ് അപാകത നിലനിൽക്കുന്നതിനാൽ പ്രസ്തുത ശീർഷകത്തിലെ 31/03/2021 ലെ നീക്കിയിരിപ്പ് കൃത്യമല്ല.
15. പ്രോജക്റ്റ് നം.21/21 ചെലവ് 53,720/-, പ്രോജക്റ്റ് നം.23/21 ചെലവ് 248,147/- എന്നിവ പ്രോജക്റ്റ് ആസ്തികളായി അക്കൗണ്ട് ചെയ്യപ്പെടേണ്ടിയിരുന്നത് 460500202 നിക്ഷേപ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിരിക്കുന്നു.
16. 2020-21 വർഷത്തെ പ്രോജക്റ്റ് ചെലവുകളിൽ ചിലത് കൃത്യമായ ശീർഷകങ്ങളിൽ ധനകാര്യ പത്രികയിൽ പ്രതിഫലിച്ചിട്ടില്ല. മേഖലാടിസ്ഥാനത്തിലുള്ള പ്രോജക്റ്റ് ചെലവുകളുടെ വർഗ്ഗീകരണം സുലേഖ ചെലവ് പത്രികയിലുള്ളത് വാർഷിക കണക്കിൽ കൃത്യമായി പ്രതിഫലിച്ചിട്ടില്ല. ഉദാഹരണം-കട്ടിൽ വിതരണം ചെലവ് ബഡ്സ് സ്കൂൾ ചെലവ് ശീർഷകത്തിലാണ് ധനകാര്യ പത്രിക പ്രകാരം അക്കൗണ്ട് ചെയ്തിരിക്കുന്നത്.
17. KURDFC ലോൺ തുക 2019-20 വർഷം വികസനഫണ്ടിൽ നിന്ന് സ്രോതസ്സിൽ കുറവ് ചെയ്ത 147,059/- രൂപ ലോൺ തിരിച്ചടവായി അക്കൗണ്ട് ചെയ്യാതിരുന്നത് തൻവർഷവും ക്രമീകരിച്ചിട്ടില്ല. ആയതിനാൽ തൻവർഷം ലോൺ മുന്നിരിപ്പിലും നീക്കിയിരിപ്പിലും പ്രസ്തുത വ്യത്യാസം പ്രതിഫലിക്കുന്നു.
18. പ്രോജക്റ്റ് നം.192/21 പ്രകാരമുള്ള ചെലവ് 271,501/- രൂപ ജില്ല പഞ്ചായത്ത് വിഹിതം ചെലവായാണ് ചെലവ് പത്രികയിലുള്ളത്. എന്നാൽ ടി തുക തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ച് 460500501-Advance To Implementing Officers ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. ആയതിനാൽ ധനകാര്യ പത്രികയും ചെലവ് പത്രികയും തമ്മിൽ ജില്ല പഞ്ചായത്ത് വിഹിതം ചെലവിൽ പ്രസ്തുത പ്രോജക്റ്റ് ചെലവ് തുക വ്യത്യാസപ്പെട്ടിരിക്കുന്നു.
19. പ്രോജക്റ്റ് നം.167/21 പ്രകാരം നാഷണൽ ഹെൽത്ത് മിഷന്(NHM) നൽകിയ മുൻകൂർ തുക 566,279/- രൂപ മുൻകൂർ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല. ആയതിനാൽ 31/03/2021 ലെ ബാലൻസ് ഷീറ്റിൽ മുൻകൂർ ശീർഷകത്തിൽ തുക പ്രതിഫലിക്കുന്നില്ല.
20. ICDS ഫണ്ട് അക്കൗണ്ടിങ്ങ് അപാകത പരിഹരിച്ചത് 27,500/- രൂപ തിരിച്ചടവായി റിസീറ്റ് & പേമെന്റ് പത്രികയിൽ പ്രതിഫലിച്ചിരിക്കുന്നു.

21. AIMS ൽ ഇ-സബ്മിറ്റ് ചെയ്ത 2020-21 ധനകാര്യ പത്രികയും ഓഡിറ്റ് ചെയ്ത ധനകാര്യ പത്രികയും തമ്മിൽ പൊരുത്തപ്പെടുന്നുണ്ട്.

പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾ പരിഹരിച്ച് ഓരോ കണക്കുകളും വിശദീകരിക്കുന്ന അടിസ്ഥാന രേഖകൾ, രജിസ്റ്ററുകൾ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

2020-21 വർഷത്തെ റസീറ്റ് & പേമെന്റ് പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 24,733,699/- |
| ഓഡിറ്റ് വർഷത്തെ വരവ് | 59,006,379/- |
| ആകെ | 83,740,078/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 59,159,007/- |
| നീക്കിയിരിപ്പ് | 24,581,071/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 13,825/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,447,772/- |

## 1-4 ഫണ്ട് വിനിയോഗം

മുത്തോലി ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 10,576,660/- | 10,576,660/- | 10,459,168/- | 117,492/- | 98.89 |
| വികസന ഫണ്ട്-SCSP | 0 | 2,362,000/- | 2,362,000/- | 2,249,405/- | 112,595/- | 95.23 |
| വികസന ഫണ്ട്- TSP | 0 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | - |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | 0 | 3,800,000/- | 3,800,000/- | 2,849,889/- | 950,111/- | 75.00 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 0 | 8,423,717/- | 8,423,717/- | 6,791,335/- | 1,632,382/- | 80.62 |
| മെയിന്റനൻസ് ഗ്രാന്റ്- Road | 0 | 10,946,000/- | 10,946,000/- | 10,946,000/- | 0 | 100 |
| മെയിന്റനൻസ് ഗ്രാന്റ്- Non Road | 0 | 3,492,000/- | 3,492,000/- | 2,920,756/- | 571,244/- | 83.64 |
| ICDS | 607,875/- | 411,638/- | 1,019,513/- | 627,250/- | 392,263/- | - |
| ശുചിത്വ | 2,897/- | 1,759,822/- | 1,762,719/- | 435,743/- | 1,326,976/- | - |

| | | | | | | |
|---|---|---|---|---|---|---|
| മിഷൻ ഗ്രാന്റ് | | | | | | |
| സമ്പൂർണ്ണ ശുചിത്വ ഗ്രാന്റ് | 654,000/- | 130,000/- | 784,000/- | 26,772/- | 757,228/- | - |

വികസന ഫണ്ടിന്റെ അലോട്ട്മെന്റ് പ്രകാരമുള്ള യഥാർത്ഥ ഗ്രാന്റും ACR/ഗ്രാന്റ് പത്രിക പ്രകാരമുള്ള അലോട്ട്മെന്റും തമ്മിലുള്ള വ്യത്യാസം KURDFC വായ്പ തിരിച്ചടവ്, അംഗൻവാടി ഹോണറേറിയം ഇനങ്ങളിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുകകളാണ്. വികസന ഫണ്ട് പൊതുവിഭാഗത്തിൽ ബജറ്റ് അലോട്ട്മെന്റ് 86 ലക്ഷം രൂപയ്ക്ക് പുറമേ 29/03/2021 ലെ G.O.(Rt) No.3099/2021/Fin പ്രകാരം 1,976,660/- രൂപ അധിക അലോട്ട്മെന്റ് ലഭിച്ചിട്ടുണ്ട്. ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied ബജറ്റ് അലോട്ട്മെന്റ് 38 ലക്ഷം രൂപയ്ക്ക് പുറമേ 18/02/2021 ലെ G.O.(Rt) No.1512/2021/Fin പ്രകാരം 4,623,717/- രൂപ മുൻവർഷം ലാപ്സായ തുക അധിക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്. ഗ്രാന്റിനത്തിൽ അധിക അലോട്ട്മെന്റിന്റെയും സ്രോതസ്സിൽ കുറവ് ചെയ്തതിന്റെയും വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| സർക്കാർ ഗ്രാന്റ് -ഇനം | സംസ്ഥാന ബജറ്റ് അലോട്ട്മെന്റ് | അധിക/ ക്യാരി ഓവർ അലോട്ട്മെന്റ് | ആകെ ലഭിച്ച അലോട്ട്മെന്റ് | സ്രോതസ്സിൽ കുറവ് ചെയ്ത തുക G.O. Project | ആകെ അറ്റ അലോട്ട്മെന്റ് ACR |
|---|---|---|---|---|---|
| വികസന ഫണ്ട്-General | 8,600,000/- | 1,976,660/- | 10,576,660/- | 259/21-744,600/-<br>260/21-234,274/-<br>ആകെ-978,874/- | 9,597,786/- |
| വികസന ഫണ്ട്-SCSP | 2,362,000/- | ഇല്ല | 2,362,000/- | 58,667/- | 2,303,333/- |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 3,492,000/- | ഇല്ല | 3,492,000/- | Voting Machine 35,319/- | 3,456,681/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 3,800,000/- | 4,623,717/- | 8,423,717/- | ഇല്ല | 8,423,717/- |

വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൌണ്ട് ചെയ്തതിലെയും ജി.ഓ. പ്രോജക്ടുകൾ ക്രമീകരിച്ചതിലെയും അപാകതകൾ താഴെ ചേർക്കുന്നു.

- ഗ്രാന്റ് പത്രികയിലെ മേഖലാടിസ്ഥാനത്തിലുള്ള അലോട്ട്മെന്റ്-ചെലവ് കണക്കുകൾ യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
- KURDFC ലോൺ തിരിച്ചടവ് വികസന ഫണ്ട്-SCSP 2020-21 58,667/- രൂപയായിരുന്നത് പ്രോജക്ട് നം.261/21 പ്രകാരം 58,666/- എന്നാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. 1/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.
- മഴക്കാലപൂർവ്വ ശുചീകരണത്തിന് ലഭിച്ച 1.3 ലക്ഷം രൂപ സമ്പൂർണ ശുചിത്വ ഗ്രാന്റ് ശീർഷകത്തിലാണ് വരവായി അക്കൗണ്ട് ചെയ്തത്(ശീർഷകം-320300103). എന്നാൽ ടി തുക ചെലവഴിച്ചത് പ്രകാരം ഗ്രാന്റ് ബാധ്യത കുറവായി അക്കൗണ്ട് ചെയ്തിരിക്കുന്നത് ശുചിത്വ മിഷൻ ഗ്രാന്റ് ശീർഷകത്തിലാണ്(ശീർഷകം-320300198).
- മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡിൽ നിന്ന് വോട്ടിങ്ങ് മെഷീൻ വാടക 35,319/- രൂപ സ്രോതസ്സിൽ കുറവ് ചെയ്തത് ജി.ഓ. പ്രോജക്ടായി അക്കൗണ്ട് ചെയ്തില്ല. ആയതിനാൽ ടി ചെലവ് ഗ്രാന്റ് പത്രികയിലും എ.സി.ആർ-ലും പ്രതിഫലിച്ചിട്ടില്ല. ഗ്രാന്റ് പത്രിക/ACR നീക്കിയിരിപ്പിൽ സ്രോതസ്സിൽ കുറവ് ചെയ്ത 35,319/- രൂപ ഉൾപ്പെടെയാണ് നിലനിൽക്കുന്നത്.

വികസന ഫണ്ടിന്റെ കണക്കുകളിൽ മേൽവിവരിച്ച വ്യത്യാസങ്ങൾ നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് അനുബന്ധം-2 ഗ്രാന്റ് വിനിമയ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

## 1-5 വാർഷിക പദ്ധതി അവലോകനം

2020-21 വാർഷികപദ്ധതി ആസൂത്രണ പ്രക്രിയയുടെ തുടക്കമായി വർക്കിംഗ് ഗ്രൂപ്പുകൾ പുന:സംഘടിപ്പിച്ച് പഞ്ചായത്ത് കമ്മറ്റിയുടെ 31.12.2019ലെ 2(3)/നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിരൂപീകരണ ഗ്രാമസഭകൾ 09.01.2020 മുതൽ 15.01.2020 വരെയുള്ള തീയതികളിൽ

ചേർന്ന് കരട് പദ്ധതിനിർദ്ദേശങ്ങൾ ചർച്ച ചെയ്തു. വികസനസെമിനാർ നടന്നത് 13.03.2020ലാണ്. പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച വ്യക്തിഗത ഗുണഭോക്താക്കളുടെ പട്ടിക 07.02.2021 മുതൽ 12.02.2021 വരെയുള്ള തീയതികളിലെ ഗ്രാമസഭകൾ യോഗം ചേർന്ന് അംഗീകരിച്ചു. 16.3.2020ലെ I(1)നമ്പർ തീരുമാന പ്രകാരം ഭരണസമിതി വാർഷിക പദ്ധതി അംഗീകരിച്ചു. ജില്ലാ ആസൂത്രണസമിതിയുടെ 28.01.2021ലെ 80898/20 /DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം വാർഷികപദ്ധതിക്ക് അന്തിമ അംഗീകാരം ലഭിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 228 | 71025569 | 182 | 46391097 | 46 | 80.70 |

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | എറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | ആകെ അടങ്കൽ | തൻവർഷം തുക ചെലവഴിച്ചിട്ടുള്ള പ്രോജക്ടുകളുടെ എണ്ണം | ആകെ ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 11 | 1574395 | 11 | 1458638 |
| വെറ്റിനറി സർജൻ | 4 | 1981400 | 3 | 1181400 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 7 | 4015163 | 6 | 2507306 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 110000 | 1 | 110000 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 645000 | 2 | 69712 |
| വി.ഇ.ഒ | 15 | 14873100 | 10 | 6563100 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 4341912 | 8 | 3755424 |
| സെക്രട്ടറി | 31 | 4984899 | 24 | 3966081 |
| അസിസ്റ്റന്റ് എൻജിനീയർ | 124 | 34126247 | 95 | 23988795 |
| ഹെഡ് മാസ്റ്റർ, ഗവ. എൽ.പി. സ്കൂൾ | 10 | 1405519 | 10 | 1354179 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 6 | 1560000 | 6 | 859956 |
| അസിസ്റ്റന്റ് സെക്രട്ടറി | 8 | 1407934 | 6 | 576506 |
| ആകെ | 228 | 71025569 | 182 | 46391097 |

3383824 /- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തു.

2020-21 വർഷം ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ലഭ്യമായ ഗ്രാന്റ് തുകകൾ പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തതിനാൽ വിവിധ ഫണ്ടിനങ്ങളിലായി ആകെ 3383824/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ബജറ്റ് വിഹിതം | ചെലവഴിച്ച തുക | സഞ്ചിത നിധിയിലേയ്ക്ക് തിരികെ ഈടാക്കിയത് |
|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 10576660 | 10459168 | 117492 |

| | | | |
|---|---|---|---|
| വികസന ഫണ്ട് (എസ്.സി.പി) | 2362000 | 2249405 | 112595 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 3492000 | 2920756 | 571244 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied ) | 8423717 | 6791335 | 1632382 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied ) | 3800000 | 2849889 | 950111 |
| ആകെ | | | 3383824 |

അംഗീകാരം കിട്ടിയ പല പ്രോജക്ടുകളും നടപ്പാക്കാതിരുന്നതും, നടപ്പാക്കിയവ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതുമാണ് മേൽപ്പറഞ്ഞ പ്രകാരം ഗ്രാമ പഞ്ചായത്തിന് 33 ലക്ഷത്തിലധികം രൂപ നഷ്ടമാകാനിടയായത്. വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന സർക്കാർ ധനസഹായം വിനിയോഗത്തിലെ കുറവ് മൂലം നഷ്ടമാകുന്ന സാഹചര്യം ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

- നിക്ഷേപ പ്രവൃത്തികൾ- 490913 രൂപ വിനിയോഗിക്കാതെ നിർവ്വഹണ ഏജൻസികളുടെ അക്കൗണ്ടുകളിൽ അവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്ത് വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ചിരുന്ന തുകയിൽ 490913/- രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ച 490913/- രൂപയുടെ വിനിയോഗ വിവരമാണ് ഇപ്രകാരം ലഭ്യമായിട്ടില്ലാത്തത്. ഇലക്ട്രിസിറ്റി ബോർഡുമായി ബന്ധപ്പെട്ട് പ്രവൃത്തികൾ പൂർത്തീകരിച്ച് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ തുകയുടെ വിനിയോഗ വിശദാംശങ്ങളും പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രവും ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

മോണിറ്ററിംഗ് ഫലപ്രദമായിരുന്നില്ല

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് എല്ലാ പ്രോജക്ടുകളോടൊപ്പവും സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ടസംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2020-21 വർഷം 2017 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 13 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 426 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 413 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 278 പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. 38138 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 267 തൊഴിലാളികൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ ആകെയുള്ള 126അയൽക്കൂട്ടങ്ങളിൽ 107 എണ്ണം പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. 767 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി കയ്യാല നിർമ്മാണം, മഴക്കുഴി, ഫാം കുളം നിർമ്മാണം എന്നീ പ്രവൃത്തികളും ആസ്തി സൃഷ്ടിക്കൽ പ്രവൃത്തികളായി ആട്ടിൻ കൂട്, തൊഴുത്ത്, കോഴിക്കൂട്, റോഡ് കോൺക്രീറ്റിംഗ് തുടങ്ങിയ പ്രവൃത്തികളുമാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. ധനകാര്യ പത്രിക പ്രകാരമുള്ള 2020-21 വർഷത്തെ വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കാഷ് | 3484 | 637798 | 641282 | 635569 | 5713 |
| ഇ.എഫ്.എം.എസ്. | 0 | 14652524 | 14652524 | 14652524 | 0 |
| ആകെ | 3484 | 15290322 | 15293806 | 15288093 | 5713 |

## 1-7 സാമൂഹ്യക്ഷേമ പദ്ധതികൾ

2020-21 വർഷം മുത്തോലി ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 2880 | 4 |
| വാർദ്ധക്യകാല പെൻഷൻ | 21715600 | 1217 |
| കർഷക തൊഴിലാളി പെൻഷൻ | 2490400 | 127 |
| വിധവാ പെൻഷൻ | 7980000 | 345 |
| 50 വയസ്സിലധികം പ്രായമായ അവിവാഹിത പെൻഷൻ | 580600 | 32 |
| വികലാംഗ പെൻഷൻ | 2972200 | 153 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 30000 | 1 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.06.2022 തീയതി 3.15 പി. എം. ന് ഹെഡ്ക്ലർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 4662/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിൽ 25.9.2020 മുതൽ ILGMS സോഫ്റ്റ് വെയർ നടപ്പാക്കിയിട്ടുണ്ട്. ഡേ ബുക്ക് ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. കാഷ് ബുക്ക്, ബാങ്ക് ബുക്ക്, ചിട്ട എന്നിവ ILGMS സോഫ്റ്റ് വെയറിൽ നിന്നും പരിശോധിക്കാവുന്നതാണ്. പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. മാനവൽ രസീത് ബുക്കുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നുണ്ട്.

ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1) രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. ( സ്പെഷ്യൽ ഗ്രാന്റ് എ.സി.ആർ, ഡെപ്പോസിറ്റ് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് രജിസ്റ്റർ എന്നിവയുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. )

2) രണ്ട് തനത് ഫണ്ട് അക്കൗണ്ടുകളിൽ നിന്നും വൗച്ചറുകൾ തയ്യാറാക്കുന്നതിന് മുൻപ് ചെക്ക് പ്രകാരം ചെലവ് ചെയ്യുന്നതായി കാണപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.12.2019 | 11/2019 | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.01.2016 | 2010-11 മുതൽ 2014-15 വരെ | LBA(HQ)II/8A-2381/182 തീയതി 09.03.2016 |

1-11 പഞ്ചായത്തിൽ ILGMS സോഫ്റ്റ്‌വെയർ വിന്യസിക്കൽ-അവലോകനം

ഗ്രാമപഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ, സേവനങ്ങൾ, ഫയൽ നീക്കം, അക്കൗണ്ടിങ്ങ് ഉടങ്ങിയ എല്ലാ പ്രവർത്തനങ്ങളും ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ കൈകാര്യം ചെയ്യുന്നതിനായി 2020-21 വർഷം മുതൽ IKM വികസിപ്പിച്ച ILGMS സോഫ്റ്റ്‌വെയർ വിന്യസിച്ചിട്ടുണ്ട്. വിവിധ സോഫ്റ്റ്‌വെയറുകൾ മുഖേനയും മാനുവലായും നടത്തിയിരുന്ന പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ ഒറ്റ സോഫ്റ്റ്‌വെയർ മുഖേന കൈകാര്യം ചെയ്യുന്നതിനാണ് ILGMS ഓൺലൈനായി പ്രവർത്തിക്കുന്നത്. മുൻകാലങ്ങളിൽ പഞ്ചായത്തിന്റെ വിവിധ സോഫ്റ്റ്‌വെയറുകളിൽ പ്രവർത്തിച്ചിരുന്നതും കൈകാര്യം ചെയ്തിരുന്നതുമായ ഡേറ്റാബേസുകൾ ഓഡിറ്റ് വർഷം ILGMS-ന്റെ ഭാഗമായിട്ടില്ല. 2020-21 വർഷം 25/09/2020 AN തീയതി മുതലാണ് മുത്തോലി ഗ്രാമപഞ്ചായത്തിൽ ILGMS ഓൺലൈനായി പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്.

പഞ്ചായത്ത് വകുപ്പിന്റെ നേതൃത്വത്തിൽ IKM വികസിപ്പിച്ച ILGMS സോഫ്റ്റ്‌വെയറിലെ പ്രവർത്തന വിശദാംശം, വേർഷനും പ്രാബല്യ തീയതിയും (Version & Effect Date), നിയന്ത്രണങ്ങൾ (Controls), മുൻഗണനകൾ (Previlages), ഡേറ്റാബേസുകൾ (Database) ഉടങ്ങിയ വിവരങ്ങൾ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമായിട്ടില്ല. ആയതിനാൽ സംസ്ഥാന തലത്തിൽ സോഫ്റ്റ്‌വെയറിന്റെ പ്രവർത്തനം ഓഡിറ്റ് വകുപ്പ് വാലിഡേറ്റ് ചെയ്തിട്ടില്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, അനുബന്ധമായ എല്ലാ ചട്ടങ്ങളും സോഫ്റ്റ്‌വെയറിൽ കൈകാര്യം ചെയ്യപ്പെടുന്ന എല്ലാ പ്രവർത്തനങ്ങൾക്കും വിധേയമാക്കിയിട്ടുണ്ടോ എന്നും സംസ്ഥാനതലത്തിൽ പരിശോധന നടത്തിയിട്ടില്ല. സോഫ്റ്റ്‌വെയറിന്റെ എല്ലാ വിവരങ്ങളും പഞ്ചായത്ത് വകുപ്പ് IKM-ന്റെ സാങ്കേതിക സഹായത്തോടെ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കി സോഫ്റ്റ്വെയറിന്റെ വാലിഡേഷനും സോഫ്റ്റ്‌വെയർ ഓഡിറ്റും സംസ്ഥാനതലത്തിൽ ചെയ്യേണ്ടതായിട്ടുണ്ട്. സോഫ്റ്റ്വെയറിന്റെയും അതിന്റെ വിവിധ വേർഷനുകളുടെയും വാലിഡേഷൻ സംസ്ഥാനതലത്തിൽ നടത്തുന്നതിന് വിധേയമായിട്ടാണ് ILGMS സോഫ്റ്റ്‌വെയർ മുഖേന ജനറേറ്റ് ചെയ്ത് പഞ്ചായത്ത് സമർപ്പിച്ച 2020-21 ധനകാര്യ പത്രികയുടെ ഓഡിറ്റ് നടത്തിയിട്ടുള്ളത്.

1-12 ILGMS പാസ്റ്റ് ഡാറ്റാ എൻട്രി(PDE)-വിശകലനം

മുത്തോലി ഗ്രാമപഞ്ചായത്തിൽ 2020-21 വർഷം 25/09/2020 AN തീയതി മുതലാണ് ILGMS ഓൺലൈനായി പ്രവർത്തനം ഉടങ്ങിയത്. സാമ്പത്തിക വർഷത്തെ 01/04/2020 മുതൽ 25/09/2020 FN വരെയുള്ള ഇടപാടുകൾ സാംഖ്യയിലും 25/09/2020 AN മുതൽ 31/03/2021 വരെയുള്ള ഇടപാടുകൾ ILGMS ലുമാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. 2020-21 വാർഷിക ധനകാര്യ പത്രിക ജനറേറ്റ് ചെയ്യുന്നതിന് 01/04/2020-ലെ ഉടക്ക ബാലൻസ് ഷീറ്റും(Initial Balance Sheet) 01/04/2020 മുതൽ 25/09/2020 FN വരെയുള്ള സാംഖ്യയിലെ എല്ലാ ശീർഷകങ്ങളിലെയും ധനകാര്യ ഇടപാടുകളുടെ സംക്ഷിപ്തം Past Data Entry ആയി ILGMS-ലെ Finance Module ലേക്ക് PDE ജേർണൽ വൗച്ചർ മുഖേന ഒറ്റത്തവണയായി അക്കൗണ്ട് ചെയ്തിരിക്കുന്നു. അക്കൗണ്ടിങ്ങ് ഉടർച്ചയ്ക്കായി(Continuity) ILGMS-ൽ Past Data Entry അക്കൗണ്ടിങ്ങ് നടത്തിയപ്പോൾ സംഭവിച്ച അക്കൗണ്ടിങ്ങ് അപാകതകൾ ചുവടെ ചേർക്കുന്നു.

1. ILGMS-ൽ സുസ്ഥിര ആസ്തി ശീർഷകങ്ങൾ മേഖല അടിസ്ഥാനത്തിൽ ആണ് തരം തിരിച്ചിരിക്കുന്നത്. പഞ്ചായത്തിലെ ആസ്തികളുടെ വർഗ്ഗീകരണം, ആസ്തി രജിസ്റ്റർ എന്നിവ പൂർത്തിയാകാത്തതിനാലും സാംഖ്യയിൽ ആസ്തികളുടെ കണക്ക് ശീർഷകങ്ങൾ മേഖല അടിസ്ഥാനത്തിലല്ല അക്കൗണ്ട് ചെയ്തിരുന്നത് എന്നതിനാലും ILGMS-ലെ ഉടക്ക ബാലൻസ് ഷീറ്റിൽ ആസ്തികളുടെ അക്കൗണ്ടിങ്ങ് മേഖല അടിസ്ഥാനത്തിൽ ചെയ്തിട്ടില്ല.
2. Other Construction, Bridge എന്നീ ആസ്തികൾ Footbridge എന്ന പേരിലാണ് ILGMS-ലെ ആസ്തിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

3. മറ്റ് ജംഗമ ആസ്തികൾ(Other Movable Assets) കമ്പ്യൂട്ടർ മുതലായ ഐ.ടി. ആസ്തികൾ എന്ന ശീർഷകത്തിലാണ് ILGMS-ൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
4. തൊഴിൽ നികുതി(സ്ഥാപനം/ട്രേഡർ/പ്രൊഫഷണൽ) അക്രുവൽ ശീർഷകവും, വരവ് ആസ്തി ശീർഷകവും ILGMS-ൽ ഓരോ കാറ്റഗറിക്കും പ്രത്യേകം ശീർഷകമായപ്പോൾ ഡിമാന്റ് രജിസ്റ്ററിൽ കൃത്യമായ വർഗ്ഗീകരണവും കണക്കും സൂക്ഷിക്കാതിരുന്നതിനാൽ വർഗ്ഗീകരിച്ച് അക്കൗണ്ട് ചെയ്യാൻ സാധിച്ചില്ല.
5. സാംഖ്യയിൽ Electricity Deposit എന്ന ശീർഷകത്തിലുണ്ടായിരുന്ന 46,153/- രൂപ കൂടി ILGMS-ൽ കെ.എസ്.ഇ.ബി.-യിൽ ഡെപ്പോസിറ്റ് വർക്കിനായുള്ള ശീർഷകത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. 2020-21 ഡെപോസിറ്റ് രജിസ്റ്ററിൽ കെ.എസ്.ഇ.ബി.-യിലെ മുന്നിരിപ്പിന്റെ വിശദാംശം ലഭ്യമല്ലാത്തതിനാൽ ടി തുക ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയാണോ എന്ന് വ്യക്തമല്ല.
6. പ്ലാൻ ചെലവുകൾ അക്കൗണ്ട് ചെയ്തിരിക്കുന്ന ചെലവ് ശീർഷകങ്ങൾ പ്രോജക്ടുമായി ബന്ധമില്ലാത്ത ശീർഷകങ്ങൾ ആണ് എന്ന് കാണുന്നു. ഉദാഹരണമായി സാംഖ്യയിൽ മൃഗസംരക്ഷണ മേഖലയിലെ പശു വിതരണം ചെലവ് മൃഗാശുപത്രിക്ക് മരുന്ന് എന്ന ശീർഷകത്തിലാണ് ILGMS-ൽ അക്കൗണ്ട് ചെയ്തിരിക്കുന്നത്.
7. മേഖലാടിസ്ഥാനത്തിൽ സാംഖ്യയിൽ അക്കൗണ്ട് ചെയ്തിരുന്ന പ്ലാൻ ചെലവുകൾ അതാത് മേഖലാടിസ്ഥാനത്തിൽത്തന്നെ ILGMS-ൽ അക്കൗണ്ട് ചെയ്തിട്ടില്ല.
8. സാംഖ്യയിൽ മെയിന്റനൻസിനായുള്ള പ്രോജക്ട് ചെലവുകളായി അക്കൗണ്ട് ചെയ്തിരുന്നത് പശ്ചാത്തല മേഖലയിലെ റവന്യൂ ചെലവായിട്ടാണ് ILGMS-ൽ അക്കൗണ്ട് ചെയ്തിരിക്കുന്നത്.
9. ക്യാപ്പിറ്റൽ കോൺട്രിബ്യൂഷന് ഓരോ ഗ്രാന്റുകൾക്കും ഫണ്ടുകൾക്കും പ്രത്യേകം ശീർഷകങ്ങൾ ILGMS-ൽ ലഭ്യമായിരുന്നു. എന്നാൽ പഞ്ചായത്ത് ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ സൂക്ഷിക്കുകയോ ആയതിന്റെ വർഗ്ഗീകരണ വിശദാംശം സൂക്ഷിക്കുകയോ ചെയ്യാതിരുന്നതിനാൽ ആകെ Capital Contribution പൊതുവായ ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്.

Past Data Entry യിൽ കണക്ക് ശീർഷകങ്ങളുമായി ബന്ധപ്പെട്ട് സംഭവിച്ച അപാകതകൾ കൃത്യമായ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ തുടർവർഷം പരിഹരിക്കേണ്ടതാണ്. വിഷയം തിരിച്ച് കൃത്യമായ ശീർഷകങ്ങൾ(Specific Account Heads) ILGMS-ൽ ലഭ്യമായിട്ടുണ്ടെങ്കിൽ പൊതു ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ട ഇനങ്ങൾ കൃത്യമായ ക്രമീകരണം നടത്തേണ്ടതാണ്.

## 1-13 ഡിജിറ്റൽ രസീതുകളുടെ വിനിമയം-അപാകതകൾ

പഞ്ചായത്ത് ILGMS സോഫ്റ്റ്വെയർ ഓണലൈനായതു മുതൽ ക്യൂ ആർ കോഡ് അടങ്ങിയ ഡിജിറ്റൽ ക്യാഷ് രസീതുകളും കൈപ്പറ്റ് രസീതുകളുമാണ് യഥാക്രമം വരവുകൾക്കും സേവനങ്ങൾക്കും നൽകുന്നത്. 25/09/2020 മുതൽ 31/12/2021 വരെയുള്ള രസീതുകൾ 2020-21 ഓഡിറ്റിന്റെ ഭാഗമായി പരിശോധനയ്ക്ക് വിധേയമാക്കി. രസീതി പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഡിജിറ്റൽ രസീതുകൾ നൽകുമ്പോളുള്ള ആധികാരികത ഉറപ്പാക്കുന്നതിന് സെക്രട്ടറിയുടെ ഡിജിറ്റൽ ഒപ്പ് സംവിധാനം(Digital Signature) ILGMS-ൽ ഇന്റഗ്രേറ്റ് ചെയ്തിട്ടില്ല.
2. 25/09/2020 മുതൽ 31/12/2021 വരെ 6 എണ്ണം രസീത് കൗണ്ടറുകൾ ആരംഭിച്ചെങ്കിലും എല്ലാ കൗണ്ടറുകളിലും ഇടപാടുകൾ നടന്നിട്ടില്ല. കൃത്യമായ ആവശ്യകതയില്ലാതെ കൗണ്ടറുകൾക്ക് അനുമതി നൽകിയത് എന്തുകൊണ്ടാണ് എന്നത് വ്യക്തമല്ല.
3. ക്യാമ്പ്/ഇന്ററപ്റ്റഡ് രസീതിനായി മാന്വൽ രസീതുകളാണ് ഉപയോഗിക്കുന്നത്. മാന്വൽ രസീതിന് തത്തുല്യമായ ഡിജിറ്റൽ രസീത് അതേ രസീത് നമ്പരിൽ തന്നെയാണ് ILGMS-ൽ കൈകാര്യം ചെയ്യുന്നത്. എന്നാൽ പഞ്ചായത്തിൽ ILGMS ആരംഭിച്ച 25/09/2020-ൽ നിലവിലുണ്ടായിരുന്ന മാന്വൽ രസീതുകൾ മുഴുവനായും ഡിജിറ്റൽ സ്റ്റോക്കായി ഉൾപ്പെടുത്തി മാന്വൽ രസീതുകളുടെ സ്റ്റോക്ക്, വിനിമയം എന്നിവ ക്രമീകരിച്ചിട്ടില്ല. സാമ്പത്തിക വർഷം ഉപയോഗിക്കുന്ന രസീതുകൾ മാത്രമാണ് ILGMS-ൽ സ്റ്റോക്കിലെടുത്ത് സെക്രട്ടറി വിതരണം ചെയ്യുന്നത്.
4. 2020-21 വർഷം വസ്തുനികുതി രസീതുകൾ ക്യാൻസൽ ചെയ്യുമ്പോൾ ഡേറ്റാബേസിലെ പോസ്റ്റിങ്ങും നീക്കം ചെയ്യുന്നതിന് ILGMS-ൽ സംവിധാനമില്ലായിരുന്നു.
5. 31/03/2021 ലെ 1200103523 നം. രസീത് റദ്ദാക്കുന്നതിന് നടപടിയാരംഭിച്ചെങ്കിലും ഫയൽ പൂർത്തിയാക്കി രസീത് റദ്ദാക്കിയിട്ടില്ല.
6. 2020-21 വർഷം ബാങ്ക് അക്കൗണ്ടുകളിൽ ലഭിക്കുന്ന പലിശ, നേരിട്ട് ലഭിക്കുന്ന തുകകൾ, തുക ക്രഡിറ്റ് ചെയ്ത്

പല മാസങ്ങൾ കഴിഞ്ഞും വരവായി അക്കൗണ്ട് ചെയ്യതെ നിലനിർത്തിയിരിക്കുന്നു. നേരിട്ട് ക്രഡിറ്റ് ചെയ്യുന്ന മിക്ക വരവുകളും സാമ്പത്തിക വർഷാവസാനമാണ് വരവായി അക്കൗണ്ട് ചെയ്തിരിക്കുന്നത്.

7. വസ്തുനികുതി ഓൺലൈനായി ലഭിക്കുന്ന 67396595431 നം. SBI അക്കൗണ്ടിൽ ലഭിക്കുന്ന വരവുകൾ യഥാസമയം ILGMS-ൽ അക്കൗണ്ട് ചെയ്യപ്പെടാതെ മാസങ്ങൾ Directly Credited By Bank എന്ന് റീക്കൺസിലേഷൻ പത്രികയിൽ പൊരുത്തപ്പെടുത്തൽ നടത്തിയിരിക്കുന്നു. 2020-21 ലെ ഓൺലൈൻ വസ്തുനികുതി മാർച്ച്-2021 മാസമാണ് സഞ്ചിതമായി അക്കൗണ്ട് ചെയ്ത്(Bulk Accounting) വരവ് ക്രമീകരിച്ചിരിക്കുന്നത്.

നേരിട്ട് ബാങ്ക് അക്കൗണ്ടിൽ ലഭിക്കുന്ന വരവുകൾ ബാങ്ക് സ്റ്റേറ്റ്മെന്റുകൾ എല്ലാ മാസവും ലഭ്യമാക്കി ILGMS-ൽ അക്കൗണ്ട് ചെയ്യേണ്ടതാണ്. മാന്വൽ രസീതുകളുടെ ഡിജിറ്റൽ സ്റ്റോക്ക്, ഡിജിറ്റൽ രസീതുകളുടെ വിനിമയം, കൗണ്ടറുകളുടെ ഓതറൈസേഷൻ എന്നിവയിലെ മേൽ പറഞ്ഞ അപാകതകൾ പരിഹരിച്ച് ILGMS-ൽ രസീതുകളുടെ വിനിമയം കൃത്യമാക്കേണ്ടതാണ്.

## 1-14 വൗച്ചർ തയ്യാറാക്കാതെ ബാങ്ക് അക്കൗണ്ടുകളിൽ നിന്ന് തുക പിൻവലിക്കുന്നു

രസീത് പരിശോധനയുടെ ഭാഗമായി 25/09/2020 മുതൽ 31/12/2021 വരെയുള്ള പഞ്ചായത്തിന്റെ വിവിധ ബാങ്ക് അക്കൗണ്ടുകളുടെ റീക്കൺസിലേഷൻ പരിശോധിച്ചതിൽ നിന്നും പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടുകളിൽ നിന്നുള്ള പിൻവലിക്കൽ, ILGMS-ൽ വൗച്ചർ തയ്യാറാക്കി ഇടപാട് അക്കൗണ്ട് ചെയ്യാതെയാണ് എന്ന് കാണുന്നു. ബാങ്ക് അക്കൗണ്ടുകളുടെ ഡിസംബർ-2021 റീക്കൺസിലേഷൻ പത്രികയിൽ തുക പൊരുത്തപ്പെടുത്തലിനായി "Directly Debited By Bank" എന്ന്, മുൻകാലങ്ങളിൽ ചെക്കുകൾ മുഖേന പിൻവലിച്ച തുകകൾ ക്രമീകരിച്ചിരിക്കുന്നതായി കാണുന്നു.

| Bank | അക്കൗണ്ട് നം. | ക്രമീകരിച്ച തുക |
|---|---|---|
| SBT Own Fund | 67291335662 | 43,543/- |
| ICICI Bank PFMS | 094101000905 | 409,495/- |

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-43 പ്രകാരം പേയ്മെന്റ് ചെയ്യുന്നത് പഞ്ചായത്തിൽ ഇടപാട് രേഖപ്പെടുത്തി ഇടപാടുമായി ബന്ധപ്പെട്ട രേഖകളെല്ലാം സെക്രട്ടറി ഉറപ്പാക്കിയ ശേഷമായിരിക്കണം. പേമന്റ് രേഖപ്പെടുത്തി നടപടിക്രമങ്ങൾ പൂർത്തിയാക്കാതെ ചെക്ക് മുഖേന പഞ്ചായത്ത് ഫണ്ടിലെ പണം പിൻവലിക്കുന്നതിനും മേൽചട്ടങ്ങളുടെ ലംഘനത്തിനും വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.19/2020-21/19.06.2022) നൽകിയതിന് മറുപടി ലഭിച്ചില്ല. മേൽവിവരിച്ച അപാകതകൾ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധയിൽപ്പെടുത്തുന്നു. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതും പഞ്ചായത്തിന്റെ എല്ലാ ചെലവുകളും വൗച്ചർ തയ്യാറാക്കി മാത്രം നടത്തേണ്ടതുമാണ്.

## 1-15 മറ്റ് ആവശ്യങ്ങൾക്കായി വസ്തുനികുതി നിർണ്ണയിച്ച ശേഷം കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 4 എന്നിവ പ്രകാരം ഒരു കെട്ടിടത്തിന്റെ ഉപയോഗക്രമമനുസരിച്ച് വസ്തു നികുതി നിരക്ക് വ്യത്യാസപ്പെട്ടിരിക്കുന്നു. മുത്തോലി ഗ്രാമപഞ്ചായത്ത് പരിധിയിൽ മറ്റ് ആവശ്യങ്ങൾക്കായി വസ്തുനികുതി നിർണ്ണയിച്ച ശേഷം കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നതായി കാണുന്നു. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | കെട്ടിട നം | സ്ഥാപന ഉടമയുടെ പേര് | നിലവിലെ ഉപയോഗക്രമം | സഞ്ചയ സോഫ്റ്റ് വെയറിലെ ഉപയോഗക്രമം |
|---|---|---|---|---|
| 1 | V/3 | അജിത് കെ ജി | കമ്പ്യൂട്ടർ സർവീസിംഗ് | ആശുപത്രി |
| 2 | III/169 C | സീമ എൻ ആർ | കൺസ്ട്രക്ഷൻ കെമിക്കൽസ് | സ്വകാര്യ ഹോസ്റ്റൽ |
| 3 | XII/344 A | ജോൺ വർഗ്ഗീസ് | അച്ചാർ നിർമ്മാണം | പാർപ്പിടാവശ്യം |

| | | | | |
|---|---|---|---|---|
| 4 | II/144 | ആൽബർട്ട് ജെ | ടൂ വീലർ വർക് ഷോപ്പ് | പാർപ്പിടാവശ്യം |
| 5 | X/371 | തോമസ് എൻ ജെ | കാലിത്തീറ്റ പൊടിക്കുന്നത് | പാർപ്പിടാവശ്യം |
| 6 | X/488 | ബാബു ചെറിയാൻ | കാലിത്തീറ്റ, കോഴിത്തീറ്റ വിൽപ്പന | പാർപ്പിടാവശ്യം |
| 7 | XI/254 | പി എം ജോസഫ് | പലചരക്കുകട | പാർപ്പിടാവശ്യം |
| 8 | IV/378 | പങ്കജവല്ലി കെ ആർ | പാൽ, പത്രം വിൽപ്പന | പാർപ്പിടാവശ്യം |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (8/16.06.2022) മറുപടി ലഭ്യമാക്കിട്ടില്ല. ഇപ്രകാരം ആശുപത്രി = 20രൂപ, സ്വകാര്യ ഹോസ്റ്റൽ = 30 രൂപ, പാർപ്പിടാവശ്യം = 6 രൂപ എന്നീ കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചശേഷം വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നത് ചട്ടലംഘനമായതിനാൽ വസ്തു നികുതിയും സേവന നികുതിയും സർചാർജ്ജ് ചട്ടങ്ങളിലെ ചട്ടം 12, 17 എന്നിവ പ്രകാരം ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-16 അർഹമായ പരിധിയിൽ കൂടുതൽ വിസ്തീർണ്ണത്തിന് നികുതിയിളവ് നൽകി

സർക്കാർ ഉത്തരവ് (കൈ)നം. 106/2017/തസ്വഭവ തീയതി. 26.05.2017 പ്രകാരം എല്ലാ വിമുക്തഭടന്മാരുടേയും അവരുടെ ഭാര്യമാരുടേയും/വിധവകളുടേയും അവരുടെ യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന 2000 ച. അടി വരെ വിസ്തീർണ്ണമുള്ള വീടുകളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളതും കൂടുതൽ വിസ്തീർണ്ണമുണ്ടെങ്കിൽ ആ ഭാഗത്തിന് നികുതി ബാധകമാക്കിയിട്ടുള്ളതുമാണ്. എന്നാൽ മുത്തോലി ഗ്രാമപഞ്ചായത്തിൽ ജഗജീവ് ജി, ഗോവിന്ദം എന്നയാളുടെ IV/330 നമ്പർ വീടിന് 209 ച. മീ വിസ്തീർണ്ണമാണുള്ളത്. ആയതിൽ 200 ച. മീ. ഒഴിവാക്കി 9 ച. മീ. നാണ് വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ളത്. എന്നാൽ മേൽ ഉത്തരവ് പ്രകാരം ഇളവ് നൽകാവുന്നത് 186 ച. മീ. ന് ( 2000 ചതുരശ്ര അടി ) മാത്രമാണ്. അർഹമായ പരിധിയിൽ കൂടുതൽ വിസ്തീർണ്ണത്തിന് നികുതിയിളവ് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (14/18.06.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇളവ് പരിധിയിൽ കൂടുതലുള്ള വിസ്തീർണ്ണത്തിന് നികുതി ഈടാക്കേണ്ടതാണ്.

### 1-17 സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കേണ്ടതാണ്. 2020-21 സാമ്പത്തിക വർഷം മുത്തോലി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കായിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, മുത്തോലി | 1, 2 |
| 2 | കോട്ടയം മോട്ടോഴ്സ് | 1, 2 |
| 3 | മേമന ഫിനാൻസിയേഴ്സ് | 1, 2 |
| 4 | റോയൽ മോട്ടോഴ്സ് | 1, 2 |
| 5 | റോസ് ഇൻറർലോക്സ് | 1,2 |
| 6 | തലക്കുളം ഏജൻസീസ് | 1, 2 |
| 7 | കെ എസ് കോൺക്രീറ്റ് | 1, 2 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (05/16.06.2022) സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-18 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കേണ്ടതാണ്. 2020-21 സാമ്പത്തിക വർഷം മുത്തോലി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | റോയൽ മോട്ടോഴ്സ് | 2 |
| 2 | കോട്ടയം മോട്ടോഴ്സ് | 2 |
| 3 | കെ എസ് കോൺക്രീറ്റ് | 1,2 |
| 4 | പുരക്കൽ ഹോണ്ട | 2 |
| 5 | ബി എസ് എൻ എൽ, പുലിയന്നൂർ | 2 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (6/16.06.2022) നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-19 പഞ്ചായത്ത് പരിധിയിൽ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സംരംഭ പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പരിഷ്കരിച്ച് (IFTEOS) 2018 വർഷം മുതൽ നിലവിലുള്ളതാണ്. പുതുക്കിയ ചട്ടങ്ങൾ പ്രകാരം 500/- രൂപ മുതൽ 15,000/- രൂപ വരെ വിവിധ വാണിജ്യ വ്യവസായങ്ങൾക്ക് ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ ഉൽപാദന/സേവന മേഖല തിരിച്ച് പരമാവധി ഫീസ് ചുമത്താവുന്നതാണ്. എന്നാൽ 2020-21 വർഷം ഗ്രാമപഞ്ചായത്ത് പരിധിയിൽ ആകെ 90 സ്ഥാപനങ്ങൾ മാത്രമേ ലൈസൻസ് എടുത്തിട്ടുള്ളൂ. ധാരാളം സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിച്ചതായി കാണുന്നു. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | താന്നിയിൽ സ്റ്റോഴ്സ് |
| 2 | സെൽടെക് മൊബൈൽസ് |
| 3 | ഗൗരി ശ്രീധർ സ്റ്റോഴ്സ് |
| 4 | ദേവിക സ്റ്റോഴ്സ് |
| 5 | ഹോം ലാൻഡ് |
| 6 | ഷൈലജ ഹോട്ടൽ |
| 7 | ഫ്രീക്ക് ഇൻ റസ്റ്റോറന്റ് |
| 8 | ക്ലാസ്സിക് ഇന്റീരിയേഴ്സ് |
| 9 | ടി വി എസ് സ്റ്റുഡ്സ് |

| | |
|---|---|
| 10 | ചെന്നാംപള്ളിൽ ഫർണിച്ചർ |

സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിച്ചതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (13/18.06.2022) നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. പഞ്ചായത്തിൽ വാർഡ് തലത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി കാലികമാക്കിയിട്ടില്ല. ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ലൈസൻസ് ഫീസ് ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

1-20 പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസ്, രജിസ്ട്രേഷൻ എന്നിവ ഇല്ലാതെ പ്രവർത്തിക്കുന്നു

1996-ലെ കേരള പഞ്ചായത്തിരാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 ന് അനുബന്ധമായ 1-ാം പട്ടികയിലെ ഇനം 143 പ്രകാരവും 1997-ലെ കേരള പഞ്ചായത്തിരാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരവും ഒരു ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെയും ലൈസൻസ് ഇല്ലാതെയും സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കാൻ പാടുള്ളതല്ല. മുത്തോലി പഞ്ചായത്ത് പരിധിയിൽ 2020-21 വർഷം താഴെപ്പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ്, രജിസ്ട്രേഷൻ എന്നിവ ഇല്ലാതെ പ്രവർത്തിക്കുന്നു.

A) ഇൻഫൻറ് ജീസസ് ഡെൻറൽ ക്ലിനിക്

B) ചിദംബരം ആയുർവേദ-യോഗ ചികിത്സാകേന്ദ്രം

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (7/16.06.2022) ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നത് ചട്ടലംഘനമായതിനാൽ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-21 ജലാശയങ്ങളുടെ തീരം ബലപ്പെടുത്തുന്നതിനായി ലഭിച്ച രാമച്ചം തൈകളുടെ ഉപയോഗം - നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നില്ല

മഹാത്മഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി ജില്ലാ കോർഡിനേറ്ററുടെ 27.04.2020ലെ എ2-534/20 /പി.എ.യു നമ്പർ കത്ത് പ്രകാരം മഹാത്മഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ കയർ ഭൂവസ്ത്രം വിരിക്കൽ, തോട് ആഴം കൂട്ടൽ തുടങ്ങിയ പ്രവൃത്തികൾ ഏറ്റെടുക്കുന്ന സ്ഥലങ്ങളിൽ രാമച്ചത്തിന്റെ തൈകൾ വച്ചുപിടിപ്പിച്ച് തോടുകളുടെ ഓരം സംരക്ഷിക്കാവുന്നതാണ് എന്നും, ആയതിനാൽ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി രാമച്ചം തൈകൾ നടുന്നതിനുള്ള നടപടികൾ സ്വീകരിക്കണം എന്നും എല്ലാ ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാരെയും അറിയിച്ചിരുന്നു. ഇതിനാവശ്യമായ രാമച്ചം തൈകൾ വൈക്കം ഇടയാഴം നഴ്സറിയിൽ നിന്ന് സൗജന്യമായി നൽകുന്നതാണ് എന്നും അറിയിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 03.06.2022 ൽ കെ.എൽ. 35-C- 7079 നമ്പർ ബൊലേറോ പിക്ക് അപ് വാഹനത്തിൽ തൈകൾ കൊണ്ടുവന്ന് പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഇറക്കിയതിന്റെ കൂലി ഇനത്തിൽ 4900/രൂപ വൗച്ചർ നമ്പർ 22000221/ 25.06.20 പ്രകാരവും, 03.06.2022 ൽ തന്നെ കെ.എൽ. 35 E-3764 നമ്പർ TATA 407- വാഹനത്തിൽ എത്തിച്ചതിന്റെ വാഹന വാടക ഇനത്തിൽ 4500/രൂപ വൗച്ചർ നമ്പർ 22000222/ 25.06.20 പ്രകാരവും ചെലവഴിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം മഹാത്മഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ കയർ ഭൂവസ്ത്രം വിരിക്കൽ, തോട് ആഴം കൂട്ടൽ തുടങ്ങിയ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയതിന്റേയും, ഇവിടങ്ങളിൽ രാമച്ചം തൈകൾ നട്ടതിന്റേയും വിശദാംശങ്ങൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 1/20-21/ 16.06.22 ന് ലഭ്യമാക്കിയ മറുപടിയിൽ ലഭ്യമായ തൈകൾ ചകിണിപ്പാലം തോട്, മീനച്ചിലാർ തീരം , നെയ്യൂർ തോട് എന്നിവിടങ്ങളിൽ നട്ടിട്ടുണ്ട് എന്നും, ചകിണിപ്പാലം മുതൽ തെക്കുംമുറി വരെ സൗന്ദര്യവൽക്കരണവും, തുടർ പരിപാലനവും നടത്തിവരുന്നു എന്നുമാണ് അറിയിട്ടിട്ടുള്ളത്. എൻക്വയറിയിൽ ആവശ്യപ്പെട്ട മഹാത്മഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ കയർ ഭൂവസ്ത്രം വിരിക്കൽ, തോട് ആഴം കൂട്ടൽ തുടങ്ങിയ പ്രവൃത്തികൾ ഏറ്റെടുത്തതിന്റെ വിവരം മറുപടിയിൽ ഉൾപ്പെടുത്തിയിട്ടില്ല. കയർ ഭൂവസ്ത്രം വിരിക്കൽ, തോട് ആഴം കൂട്ടൽ തുടങ്ങിയ പ്രവൃത്തികൾ ഏറ്റെടുക്കുന്ന സ്ഥലങ്ങളിൽ രാമച്ചത്തിന്റെ തൈകൾ വച്ചുപിടിപ്പിച്ച് തോടുകളുടെ ഓരം സംരക്ഷിക്കുന്നതിനാണ് രാമച്ചം തൈകൾ ലഭ്യമാക്കിയത്. ഉത്തരവുകളിൽ നിർദ്ദേശിക്കുന്ന രീതിയിൽ തന്നെപ്രവൃത്തികൾ നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-22 സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ- കരാറുകാർക്ക് അധിക തുക നൽകി

2020-21- സാമ്പത്തികവർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ ഏതാനംപ്രോജക്ടുകളുടെ ഫൈനൽ ബിൽ തയ്യാറാക്കിയതിൽ സംഭവിച്ച പിഴവ് മൂലം കരാറുകാർക്ക് അധികതുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) 21/21 നെയ്യൂർ കുമാരിക്ഷേമകേന്ദ്രം ഇലക്ട്രിഫിക്കേഷൻ

പ്രോജക്ടിനായി വികസന ഫണ്ടിൽ നിന്നും 53720/രൂപ ബിൽ നമ്പർ 53/20-21/ 31.03.21 ചെലവഴിച്ചിട്ടുണ്ട്. എം.ബുക്കിലെ രേഖപ്പെടുത്തലുകൾ പ്രകാരം തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നൽകിയത് | | യഥാർത്ഥത്തിൽ അനുവദിക്കാവുന്നത് | | |
|---|---|---|---|---|
| കോൺട്രാക്ടർക്ക് നൽകിയത് | 51750/ | എംബുക്ക് പ്രകാരം ആകെവേലമൂല്യം – | 48943.43/ | |
| | | (-) 10% ടെൻഡർ ബിലോ | 4894 | 44049.43 |
| എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ ഫീസ് – | 1478 | (+) 12% GsT | 5286 | |
| ചെക്ക് മെഷർ ചെയ്തതിന്റെ ഫീസ് – | 492 | എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ ഫീസ് | 1478 | |
| | | ചെക്ക് മെഷർ ചെയ്തതിന്റെ ഫീസ് | 492 | |
| | | ആകെ | 51305.43 | |
| ആകെ | 53720/ | അധികം അനുവദിച്ചത് | 2415/- | |

2) പ്രോജക്ട് നമ്പർ 23/21 -നാലാം വാർഡിൽ മിനി ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ എന്ന പ്രോജക്ടിനായി തനതുഫണ്ടിൽ നിന്നും 248147/ രൂപ (ചെക്ക് നമ്പർ 2674593/30.03.21) ചെലവഴിച്ചിട്ടുണ്ട്. എം.ബുക്കിലെ രേഖപ്പെടുത്തലുകൾ പ്രകാരം തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നൽകിയത് | | യഥാർത്ഥത്തിൽ അനുവദിക്കാവുന്നത് | |
|---|---|---|---|
| കോൺട്രാക്ടർക്ക് നൽകിയത് | 238566 | എംബുക്ക് പ്രകാരം ആകെവേലമൂല്യം – | 213005/ |
| എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ ഫീസ് – | 7186/ | (-) 1% ടെൻഡർ ബിലോ | 2130 =210875 |
| ചെക്ക് മെഷർ ചെയ്തതിന്റെ ഫീസ് – | 2395/ | (+) 12% GsT | 25305 |
| | | എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ ഫീസ് | 7186 |
| | | ചെക്ക് മെഷർ ചെയ്തതിന്റെ ഫീസ്<br>ആകെ | 2395<br>245761 |
| ആകെ | 248147 | അധികം അനുവദിച്ചത് | 2386/ (248147-245761) |

3) പ്രോജക്റ്റ് നമ്പർ 219/21 -പുലിയന്നൂർ വാർഡിൽ മിനി ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ എന്ന പ്രോജക്റ്റിനായി തനതുഫണ്ടിൽ നിന്നും 126296/ രൂപ ചെലവഴിച്ചിട്ടുണ്ട്. എം.ബുക്കിലെ രേഖപ്പെടുത്തലുകൾ പ്രകാരം തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നൽകിയത് | | യഥാർത്ഥത്തിൽ അനുവദിക്കാവുന്നത് | | |
|---|---|---|---|---|
| കോൺട്രാക്ടർക്ക് നൽകിയത് | 121410.52 | എംബുക്ക് പ്രകാരം ആകെ വേലമൂല്യം - | 108402.52 | |
| എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ ഫീസ് - | 3665/ | (-) 1% ടെൻഡർ ബിലോ | 1084/ | 107319 |
| | | (+) 12% GsT | 12878 | |
| ചെക്ക് മെഷർ ചെയ്തതിന്റെ ഫീസ് - | 1220/ | എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ ഫീസ് | 3665/ | |
| | | ചെക്ക് മെഷർ ചെയ്തതിന്റെ ഫീസ് | 1220/ | |
| | | ആകെ | 125082/ | |
| ആകെ | 126296 | അധികം അനുവദിച്ചത് | 1214/ (126296-125082) | |

4) പ്രോജക്റ്റ് നമ്പർ229/21 പന്തത്തല കുടുംബക്ഷേമ ഉപകേന്ദ്രം വയറിംഗ് എന്ന പ്രോജക്റ്റിനായി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 50000/രൂപയും (Billvo53/20-21/ 31.03.21) തനതുഫണ്ടിൽ നിന്നും 30907/ രൂപയും ( ചെക്ക് നമ്പർ267459/30.3.21)ഉൾപ്പടെ ആകെ 80907/ രൂപ ചെലവഴിച്ചിട്ടുണ്ട്. എം.ബുക്കിലെ രേഖപ്പെടുത്തലുകൾ പ്രകാരം തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നൽകിയത് | | യഥാർത്ഥത്തിൽ അനുവദിക്കാവുന്നത് | |
|---|---|---|---|
| കോൺട്രാക്ടർക്ക് നൽകിയത് | 78105 | എംബുക്ക് പ്രകാരം ആകെവേലമൂല്യം - | 69736.93 |
| എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ ഫീസ് - | 2102 | (-) 10% ടെൻഡർ ബിലോ | 6973<br>= 62763 |
| | | (+) 12% GsT | 7531.58 |
| ചെക്ക് മെഷർ ചെയ്തതിന്റെ ഫീസ് - | 700 | എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ ഫീസ് | 2102 |
| | | ചെക്ക് മെഷർ ചെയ്തതിന്റെ ഫീസ്<br>ആകെ | 700<br>73097 |
| ആകെ | 80907/ | അധികം അനുവദിച്ചത് | 7810 (80907-73097) |

മേൽ പ്രസ്താവിച്ച 4പ്രോജക്റ്റുകൾക്കായി ആകെ 13825/രൂപ ( 2415+2386+1214+7810)അധികം നൽകിയിട്ടുണ്ട്. അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ 4/16.06.22നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. തുക ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ

സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതാണ്.

1-23 പി.എച്ച്.സി യെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ വിനിയോഗ പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ മുത്തോലി പി.എച്ച്.സി യെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ ആവശ്യമായ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കൽ എന്ന പ്രോജക്ടിനായി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 566279/രൂപ ( ബിൽ നമ്പർ 03/20-21 / 21.05.20) ചെലവഴിച്ചിട്ടുണ്ട്. . എൻ. എച്ച്.എം -ന്റെ നേതൃത്വത്തിൽ നടന്നുവരുന്ന പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്ത് ആവശ്യമായ സാമ്പത്തിക സഹായം ചെയ്യുന്നതിന് വേണ്ടിയുള്ളതാണ് ഈ പദ്ധതി. ഇത് പ്രകാരം അടങ്കൽ തുക എൻ. എച്ച്.എം ലേക്ക് ഡെപ്പോസിറ്റ് ചെയ്യുകയും, നിർവ്വഹണ പൂർത്തീകരണ പത്രം വാങ്ങുകയും ചെയ്യുക എന്നതാണ് പ്രോജക്ട് ലക്ഷ്യം. ഫയൽ പരിശോധിച്ചതിൽ തുക കൈമാറിയതിന്റെ വിവരം ഒഴികെ പ്രവൃത്തിയുടെ വിവരമോ, പൂർത്തീകരണ വിവരമോ ഉൾപ്പെടുത്തിയിട്ടില്ല. പ്രവൃത്തി സംബന്ധിച്ച വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 3/16.06.22ന് മറുപടി ലഭ്യമാക്കിയില്ല. നിർവ്വഹണ പൂർത്തീകരണ വിവരങ്ങളുടെ അഭാവത്തിൽ 566,279/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-24 ഇളംതോട്ടം കന്ന് ജലനിധി പദ്ധതിക്ക് മോട്ടോറും അനുബന്ധ സാമഗ്രികളും വാങ്ങൽ- പഴയ മോട്ടോർ ലേലം ചെയ്ത് മുതൽക്കൂട്ടിയില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രസ്തുത പ്രോജക്ടിനായി ( പ്രോജക്ട് നമ്പർ 164/21) ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും 125000/രൂപ ( ബിൽ നമ്പർ 38/20-21) ചെലവഴിച്ചിട്ടുണ്ട്. ടെൻഡർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത അരുൺ ഇലക്ട്രിക്കൽസ് പാലാ എന്ന സ്ഥാ പനത്തിൽ നിന്നും മോട്ടോറും അനുബന്ധ സാമഗ്രികളും വാങ്ങി നൽകിയിട്ടുണ്ട്. നിലവിൽ ഉപയോഗിച്ചുകൊണ്ടിരുന്ന 12.5 HP മോട്ടോർ കേടായതിനാൽ പുതിയ മോട്ടോറും അനുബന്ധ സാധനങ്ങളും വാങ്ങി നൽകേണ്ടതാണ് എന്ന അസി.എഞ്ചിനീയറുടെ 06.02.2020 ലെ കത്തിന്റെ അടിസ്ഥാനത്തിലാണ് മോട്ടോർ വാങ്ങി നൽകിയത്. പുതിയ മോട്ടോർ വാങ്ങി നൽകിയപ്പോൾ പഴയ മോട്ടോർ ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 9/20-21/ 16.06.22 ന് ലഭ്യമാക്കിയ മറുപടിയിൽ പഴയ മോട്ടോർ കുടിവെള്ള ഗുണഭോക്തൃ സമിതിയുടെ കൈവശമാണ് എന്നും, ആയത് വാങ്ങി ലേലം ചെയ്യുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. മോട്ടോർ ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടി വിവരം അറിയിക്കേണ്ടതാണ്.

1-25 പ്രോജക്ടുകളുടെ ഫയലുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല-ചെലവ് തടസ്സപ്പെടുത്തുന്നു

2020-21 വർഷം ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികളുടെ ഫയലുകൾ ഓഡിറ്റിന് പരിശോധനക്ക് ലഭ്യമായിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|
| 1 | 76/20-21 | ക്ഷീരകർഷകർക്ക് പാൽ വില ധനസഹായം | 200000 (വികസനഫണ്ട് – പൊതുവിഭാഗം) |
| 2 | 82/20-21 | വനിതാ ക്ഷീരകർഷകർക്ക് പാൽ വില ധനസഹായം | 200000 (വികസനഫണ്ട് – പൊതുവിഭാഗം) |
| 3 | 90/20-21 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം | 200000 (വികസനഫണ്ട് – പൊതുവിഭാഗം) |
| 4 | 101/20-21 | വനിതാ കർഷകരുടെ കറവമാടുകൾക്ക് കാലിത്തീറ്റ വിതരണം | 200000 (വികസനഫണ്ട് – പൊതുവിഭാഗം) |

| | | | |
|---|---|---|---|
| 5 | 107/20-21 | സബ്സിഡി നിരക്കിൽ ധാതുലവണ മിശ്രിതം വിതരണം | 29978 (വികസനഫണ്ട് – പൊതുവിഭാഗം) |
| 6 | 127/20-21 | വനിതാ കർഷകർക്ക് സബ്സിഡിയോടെ ധാതുലവണ മിശ്രിതം വിതരണം | 29978 (വികസനഫണ്ട് – പൊതുവിഭാഗം) |
| | | ആകെ | 859956/- |

മേൽ ഫയലുകൾ അടിയന്തിരമായി പരിശോധനക്ക് ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (12/17.06.2022) മറുപടി നൽകുകയോ ഫയലുകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ഫയലുകൾ പരിശോധനക്ക് ഹാജരാക്കാത്തതിനാൽ 2020-21 സാമ്പത്തിക വർഷം ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ 6 പ്രോജക്ടുകളിലായി ചെലവായ 859956/- രൂപ താല്ക്കാലികമായി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഫയലുകൾ അടിയന്തിരമായി ഹാജരാക്കാത്ത പക്ഷം ഫയലുകൾ ഇല്ല എന്ന നിഗമനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

1-26 ചരക്ക് സേവന നികുതി ഈടാക്കിയില്ല

ഹെഡ്മാസ്റ്റർ, ഗവ. എൽ. പി. സ്കൂൾ നിർവ്വഹണം നടത്തിയിട്ടുള്ള വിവിധ പദ്ധതികളുടെ (പദ്ധതി നം. SOO 120/2021, 124/2021, 126/2021, 130/2021, 225/2021) ഭാഗമായി ലഭ്യമായിട്ടുള്ള പർച്ചേയ്സ് ഇൻവോയ്സുകളിൽ, ബന്ധപ്പെട്ട സാധനസാമഗ്രികളുടെ വില്പന നടപടികളിന്മേൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ജി.എസ്.റ്റി (Goods & Service Tax) ഇനത്തിൽ തുകയൊന്നും ഈടാക്കിയിട്ടില്ലായെന്നത്, ലഭ്യമാക്കിയിട്ടുള്ള ഇൻവോയ്സുകളുടെ പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി നം. | പദ്ധതി | ഫണ്ട് ഇനം/ ബിൽ നം. | സ്ഥാപനം/ ഇൻ വോയ്സ് നം./ തീയതി | ഇൻ വോയ്സ് ഇന വിവരം | ഇൻ വോയ്സ് തുക | നിർദ്ദേശിക്ക പ്പെടുന്ന ജി. എസ്.റ്റി നിരക്ക് | ഈടാക്കേണ്ടിയിരുന്ന ജി. എസ്.റ്റി തുക |
|---|---|---|---|---|---|---|---|---|
| 1) | 120/2021 | വെള്ളിയേപ്പള്ളി ഗവ. എൽ.പി.എസ് അടിസ്ഥാന സൗകര്യം മെച്ച പ്പെടുത്തൽ | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) 257/ 17.02.2021 | സിബീസ് ഫർണ്ണീച്ചർ & ഹോം അപ്ലയൻസസ്, മേലമ്പാറ 311/12.01.2021 | മൾട്ടി കളേഡ് ഡെസ്ക്, മൾട്ടി കളേഡ് ബെഞ്ച്, സാനിറ്റയ്സർ സ്റ്റാന്റ് തുടങ്ങിയവ... | 8700/- | 18% | 1566/- |
| | | | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) 257/17.02.2021 | സിബീസ് ഫർണ്ണീച്ചർ & ഹോം അപ്ലയൻസസ്, മേലമ്പാറ 343/17.02.2021 | ഗ്രീൻ ബോർഡ് & സ്റ്റാന്റ് | 42000/- | 18% | 7560/- |
| | | | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) 257/17.02.2021 | ജയ്സൺ ഇംപെക്സ്, പുലിയന്നൂർ Bl00859/02.01.2021 | ബൈനോകുലർ | 5670/- | 18% | 1021/- |
| 2) | 124/2021 | ആശ്രമം ഗവ. | മെയിന്റ | ജയ്സൺ | ബൈനോ | 5670/- | 18% | 1021/- |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | എൽ.പി.എസ് അടി സ്ഥാന സൗകര്യം മെച്ച പ്പെടുത്തൽ | നൻസ് ഗ്രാന്റ് (റോഡി തരം) 258/17.02.2021 | ഇംപെക്സ്, പുലിയന്നൂർ Bl00860/ 02.01.2021 | കൂളർ | | | |
| 3) | 126/2021 | പുലിയന്നൂർ ന്യൂ എൽ.പി.എസ് അടിസ്ഥാന സൗകര്യം മെച്ച പ്പെടുത്തൽ | തനത് ഫണ്ട് 254/17.02.2021 | ജയ്സൺ ഇംപെക്സ്, പുലിയന്നൂർ Bl00861/ 02.01.2021 | ബൈനോ കൂളർ | 5670/- | 18% | 1021/- |
| | | | തനത് ഫണ്ട് 256/17.02.2021 മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) 255/17.02.2021 | ജയ്സൺ ഇംപെക്സ്, പുലിയന്നൂർ Bl00988/ 17.02.2021 | മൾട്ടി കളേഡ് ഡെസ്ക്, സ്റ്റീൽ അലമാര, എൽ.സി.ഡി പ്രൊജക്ടർ തുടങ്ങിയവ... | 142950/- | 18% | 25731/- |
| 4) | 130/2021 | ഗവ. എൽ. പി സ്കൂളുകളിൽ ഡെസ്ക് - ബെഞ്ച് വാങ്ങൽ | തനത് ഫണ്ട് 261/ 18.02.2021 പൊതുവിഭാഗം സാധാരണ വിഹിതം 382/ 30.03.2021 | ജയ്സൺ ഇംപെക്സ്, പുലിയന്നൂർ Bl00882/ 12.01.2021 | മൾട്ടി കളേഡ് ഡെസ്ക്, മൾട്ടി കളേഡ് ബെഞ്ച് | 80940/- | 18% | 14569/- |
| 5) | 225/2021 | ആശ്രമം ഗവ. എൽ. പി. സ്കൂൾ ഓഡിറ്റോറി യത്തിലേയ്ക്ക് ഫാൻ, ഫർണ്ണീ ച്ചറുകൾ വാങ്ങൽ | തനത് ഫണ്ട് 260/17.02.2021 | സിബീസ് ഫർണ്ണീച്ചർ & ഹോം അപ്ലയൻസസ്, മേലമ്പാറ 345/ 17.02.2021 | സീലിംഗ് ഫാൻ, ഫോൾഡിംഗ് ടേബിൾ തുടങ്ങിയവ... | 47900/- | 18% | 8622/- |
| | ആകെ തുക | | | | | 3,39,500/- | | 61,111/- |

As Per, THE KERALA STATE GOODS AND SERVICES TAX ACT - 2017, Chapter VII - Section (33),

Amount Of Tax To Be Indicated In Tax Invoice And Other Documents :- Notwithstanding Anything Contained In This Act Or Any Other Law For The Time Being In Force, Where Any Supply Is Made For A Consideration, Every Person Who Is Liable To Pay Tax For Such Supply Shall Prominently Indicate In All Documents Relating To Assessment, Tax Invoice And Other Like Documents, The Amount Of Tax Which Shall Form Part Of The Price At Which Such Supply Is Made.

ബന്ധപ്പെട്ട നിരക്കിൽ ചരക്ക് സേവന നികുതി ഈടാക്കേണ്ടതാണെന്ന നിർദ്ദേശം നിലനിൽക്കുമ്പോൾ, ആയത് ഈടാക്കാതിരുന്നതിനുള്ള സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട്

നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (20/19.06.2022) മറുപടി ലഭ്യമായിട്ടില്ല. തുടർ വർഷങ്ങളിൽ അപാകത ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതും, ജി.എസ്.റ്റി റിട്ടേൺ സ്റ്റേറ്റ്മെന്റ് പകർപ്പ് ഉൾപ്പെടെയുള്ള രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. മേൽ സാഹചര്യത്തിൽ, 3,39,500/- രൂപയുടെ പദ്ധതി ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. ബന്ധപ്പെട്ട രേഖകളുടെ തുടർ പരിശോധനയ്ക്ക് വിധേയമായി തടസ്സം ഒഴിവാക്കുന്നതാണ്.

## 1-27 മുത്തോലി പ്രൈമറി ഹെൽത്ത് സെന്ററിലേയ്ക്ക് മരുന്ന് വാങ്ങൽ - മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ, പ്രൈമറി ഹെൽത്ത് സെന്റർ, മുത്തോലി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ S00 8/ 2020-21 നം. പദ്ധതി പ്രകാരം, പ്രൈമറി ഹെൽത്ത് സെന്ററിലേയ്ക്ക് മരുന്ന് വാങ്ങുന്നതിലേയ്ക്കായി 5,00,000/- രൂപ മെയിന്റനൻസ് റോഡിതരം ഫണ്ടിൽ വകയിരുത്തുകയും, 139/12.10.2020 നം. ബിൽ പ്രകാരം 1,56,098/- രൂപയും, 176/15.12.2020നം. ബിൽ പ്രകാരം 9,997/- രൂപയും, 239/09.02.2021നം. ബിൽ പ്രകാരം 1,97,306/- രൂപയും, 336/26.03.2021നം. ബിൽ പ്രകാരം 71,564/- രൂപയും ഉൾപ്പെടെ 4,34,965/- രൂപ, KMSC Ltd - ന്റെ 3624001800000019 നം. അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ആവശ്യപ്പെട്ട മരുന്നുകളുടെ വിവരം (തുക) | ലഭിച്ച മരുന്നുകളുടെ വിവരം (തുക) | ലഭിക്കാനുള്ള മരുന്നുകളുടെ വിവരം (തുക) | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| പ്രൈമറി ഹെൽത്ത് സെന്റർ, മുത്തോലി | 4,34,965/- | 2,43,841/- | 1,91,124/- | മെഡിക്കൽ ഓഫീസർ, പ്രൈമറി ഹെൽത്ത് സെന്റർ, മുത്തോലി |
| ആകെ | 4,34,965/- | 2,43,841/- | 1,91,124/- | |

26.03.2021-ൽ തുക പൂർണ്ണമായും ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ട് നാളിതുവരെയായിട്ടും സമയബന്ധിതമായി മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമാക്കാൻ സാധിച്ചിട്ടില്ല. സമയബന്ധിതമായി പദ്ധതികൾ നിർവ്വഹിക്കുന്നതിലും അതിന്റെ പൂർത്തീകരണത്തിലും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിയന്ത്രണവും നിർദ്ദേശങ്ങളും ഉണ്ടാകേണ്ടതാണ്. 1,91,124/- രൂപയുടെ മരുന്നുകൾ ലഭ്യമാകാത്തതിനാൽ, ടി തുകയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, ആയത് ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-28 ബില്ലുകളിൽ നിന്നും കുറവ് ചെയ്ത ജി.എസ്.റ്റി.തുകകൾ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് സംബന്ധിച്ച്

2020-21 വർഷം അസിസ്റ്റന്റ് എൻജിനീയർ നടപ്പാക്കിയ വിവിധ ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വിലയിൻമേലുള്ള ജി.എസ്.റ്റി തുക സെക്രട്ടറിയുടെ പേരിലുള്ള തനത് ഫണ്ട് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നതായി മരാമത്ത് ബില്ലുകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. പഞ്ചായത്തിന്റെ 2020-21 വാർഷിക കണക്കിൽ 150120102- “Receipts From Sale Of Scrap/empties And Waste Materials ” എന്ന ശീർഷകത്തിൽ 7550 രൂപയും 140200199- “Penalties And Fines- Other Penaltes" എന്ന ശീർഷകത്തിൽ 3305 രൂപയും ഉൾപ്പടെ ആകെ 10855 രൂപ ഈ ഇനത്തിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ആയത് സർക്കാരിലേക്ക് ഒടുക്കേണ്ടതായിരുന്നു.

ജി.എസ്.റ്റി തുക സർക്കാരിലേക്ക് ഒടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 10/16.06.22 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ തനത് ഫണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ള കാലിവീപ്പകളുടെ ജി.എസ്.റ്റി തുക സർക്കാരിലേക്ക് ഒടുക്കുന്നതിന് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചു. ജി.എസ്.റ്റി തുക സർക്കാരിലാക്ക് ഒടുക്കി

വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-29 കടപ്പാട്ടൂർ ഇടത്താവളം വിരിപ്പന്തൽ നിർമ്മാണം- ആദായനികുതി ഇനത്തിൽ കുറവ് ചെയ്ത തുക കരാറുകാരന് നൽകി

പ്രോജക്ട് നം. 211/21
അടങ്കൽ- 900000 രൂപ ( ശബരിമല സ്പെഷ്യൽ ഗ്രാന്റ് )
ചെലവ്- 857120 രൂപ ( ചെക്ക് നം. 2674520/ 27.11.2020 )
നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എൻജിനീയർ

മുത്തോലി ഗ്രാമ പഞ്ചായത്തിന്റെ 2020-21 വാർഷിക പദ്ധതിയിൽ നടപ്പാക്കിയതാണ് മേൽ പദ്ധതി. എം ബുക്ക് പ്രകാരമുള്ള ബില്ലിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| എം ബുക്ക് പ്രകാരമുള്ള വേലമൂല്യം | 765286 |
| (+) 12% GST | 91834 |
| ആകെ | 857120 |
| കുറയ്ക്കുക | |
| CGST 1% | 7653 |
| SGST 1% | 7653 |
| IT 1% | 7653 |
| KCWWF 1% | 7653 |
| കരാറുകാരന് നൽകാവുന്ന തുക | 826508 |

857120 രൂപ, ചെക്ക് നം. 2674520/ 27.11.2020 പ്രകാരം അസിസ്റ്റന്റ് എൻജിനീയർക്ക് നൽകി. കരാറുകാരന് അർഹമായ തുക 826508 രൂപയും ആദായനികുതി ഇനത്തിൽ കുറവ് ചെയ്ത 7653 രൂപയും ഉൾപ്പെടെ ആകെ 834161 രൂപ കരാറുകാരന്റെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട് (അക്കൗണ്ട് നം. 67216062829- SBI ). എന്നാൽ ആദായനികുതി ഒടുക്കിയതിന്റെ വിശദാശങ്ങൾ ഫയലിൽ ലഭ്യമല്ല. ആദായനികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 18/18.06.22-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആദായനികുതി ഇനത്തിൽ കുറവ് ചെയ്ത 7653 രൂപ ആദായനികുതി വകുപ്പിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

1-30 ബിറ്റുമിന്റെ അധിക വില വർദ്ധനവ് നൽകൽ- അപാകതകൾ

പ്രോജക്ട് നം. 28/20-21
അടങ്കൽ- 300000 രൂപ ( തനത് ഫണ്ട് )
ചെലവ്- 133460 രൂപ ( ചെക്ക് നം. 2674527/18.12.2020 )

2019-20 വർഷം കരാറുകാർ വഴി നടപ്പാക്കിയ ടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിച്ച ബിറ്റുമിന്റെ അധിക വില നൽകുന്നതിനായി തയ്യാറാക്കിയതാണ് മേൽ പ്രോജക്ട്. ശ്രീ ഷാജി ജോർജ് എന്ന കരാറുകാരൻ നടപ്പാക്കിയ 16 പ്രവൃത്തികളിൽ ഉപയോഗിച്ച ബിറ്റുമിന്റെ അധിക വില നൽകുന്നതിനായി 133460 രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| ബിറ്റുമിൻ S65 ന്റെ അധികവില | 112281 |
| എമൾഷൻ RS1 ന്റെ അധികവില | 6880 |

| | |
|---|---|
| ആകെ | 119161 |
| 12% GST | 14299 |
| ആകെ ചെലവ് | 133460 |
| (-) CGST | 1335 |
| (-) SGST | 1335 |
| (-) KCWWF | 1335 |
| (-) IT | 1335 |
| കരാറുകാരന് നൽകേണ്ട തുക | 128120 |

കരാറുകാരന് നൽകേണ്ട തുക 128120 രൂപ ആണെങ്കിലും ആദായനികുതി 1335 രൂപ ഉൾപ്പടെ 129455 രൂപ ശ്രീ ഷാജി ജോർജിന്റെ അക്കൗണ്ടിലേക്ക് നൽകി ( അക്കൗണ്ട് നം 67382167456- SBI ).

1) 2019-20 ലെ പ്രോജക്ടുകളുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യാത്ത സാഹചര്യത്തിൽ ബിറ്റുമിന്റെ അധിക വിലയോടൊപ്പം 12% GST ചേർത്ത് നൽകിയത് ശരിയല്ല.

2) ആദായനികുതി 1335 രൂപ കരാറുകാരന്റെ അക്കൗണ്ടിലേക്ക് നൽകിയെങ്കിലും അത് ഒടുക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

അപാകതകൾ സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 21/20.06.22-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് രേഖാമൂലം വിശദികരണം ലഭ്യമാക്കേണ്ടതാണ്.

## 1-31 വിനിയോഗ പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല

2020-21 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകൾ പ്രകാരം വിവിധ ഏജൻസികളിൽ നിക്ഷേപിച്ച തുകകൾ വിനിയോഗിച്ച് പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ, പേര് | നിക്ഷേപിച്ച തുക | ബിൽനമ്പർ തീയതി | നിക്ഷേപിച്ച ഏജൻസി |
|---|---|---|---|---|
| 1 | 25/21 തെക്കുമുറി ട്രാൻഫോർമർ- മുടക്കുഴ ജംഗ്ഷൻ വരെ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 70800/രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 35/ 21/12.12.20 | ഇലക്ട്രിസിറ്റി ബോർഡ് |
| 2 | 227/21 പി.എച്ച്.സിക്ക് പുതിയ സർവ്വീസ് കണക്ഷൻ | 145113/രൂപ തനത് ഫണ്ട് | 2674525/ 5.12.20 | ഇലക്ട്രിസിറ്റി ബോർഡ് |
| 3 | 230/21 നെയ്യൂർ കുടിവെള്ള പദ്ധതിയ്ക്ക് വൈദ്യുതി കണക്ഷന് ലൈൻ ദീർഘിപ്പിക്കൽ | 275000/രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 45/20-21/ 29.03.21 | ഇലക്ട്രിസിറ്റി ബോർഡ് |
| | ആകെ | | 490913 | |

വിനിയോഗ പൂർത്തീകരണ വിവരങ്ങൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 16/18.06.22 ന് മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ പൂർത്തീകരണ വിവരങ്ങളുടെ അഭാവത്തിൽ 490913/രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-32 ആശ്രയ പദ്ധതി- ചെലവഴിക്കാത്ത തുക തിരിച്ചടച്ചില്ല

2020-21 വർഷം വികസന ഫണ്ടിൽ നിന്നും ആശ്രയ പദ്ധതിക്കായി തുക വരുത്തിയിരുന്നില്ല. 2019-20 വർഷം അഗതി രഹിത കേരളം പദ്ധതി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീമതി ജാനകി ഹരിഹരൻ, വരകുകാലായിൽ എന്നയാളുടെ ഭവന പുനരുദ്ധാരണ പ്രവൃത്തികൾ നടത്തുന്നതിനായി വികസനഫണ്ടിൽ നിന്നും ബിൽ നം. 28/19-20 പ്രകാരം 20.02.2020ൽ 1,00,000/- രൂപ ആശ്രയ പദ്ധതി നടത്തിപ്പിനായി കാനറാബാങ്ക്, മുത്തോലി ശാഖയിൽ ആരംഭിച്ച 5636101003251 നമ്പർ അക്കൗണ്ടിലേക്ക് നൽകിയിരുന്നെങ്കിലും തുക നാളിതുവരെ ചെലവഴിച്ചിട്ടില്ല. കൂടാതെ 2017-18 വർഷം വികസനഫണ്ടിൽ നിന്നും പിൻവലിച്ച കുടുംബശ്രീയുടെ പഞ്ചാബ് നാഷണൽ ബാങ്കിലെ 4326000100015183 നമ്പർ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ഭവനപുനരുദ്ധാരണത്തിന് നൽകിയ 150000/- രൂപയും നാളിതുവരെ ചെലവഴിച്ചിട്ടില്ല. ഓഡിറ്റ് പൂർത്തീകരിക്കുമ്പോൾ വികസനഫണ്ട് തുകയായ 150000/- രൂപ കുടുംബശ്രീയുടെ തനത്ഫണ്ട് അക്കൗണ്ടിലും 100000/- രൂപ ആശ്രയ പദ്ധതി അക്കൗണ്ടിലും അവശേഷിക്കുന്നതായി കാണുന്നു. കൂടാതെ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്ന മേൽ വികസന ഫണ്ട് തുക 150000/- രൂപ ആശ്രയ പദ്ധതി അക്കൗണ്ടിലേക്ക് മാറ്റിയിട്ടില്ല. വികസനഫണ്ട് പിൻവലിച്ച് വർഷങ്ങളോളം ചെലവഴിക്കാതെ സൂക്ഷിക്കുന്നത് ശരിയായ പ്രവണതയല്ല. സമൂഹത്തിലെ അവശ വിഭാഗങ്ങളുടെ ഭക്ഷണം, ചികിത്സ എന്നിവ ഉൾപ്പെടെയുള്ള അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ആവിഷ്കരിക്കപ്പെട്ട ഇത്തരം പദ്ധതികളുടെ യഥാർത്ഥ ഉദ്ദേശ്യം പൂർത്തീകരിക്കുന്നതിനായി ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്ന തുകകൾ അർഹരായ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. അഗതി രഹിത കേരളം പദ്ധതി സർക്കാർ നിർദ്ദേശങ്ങൾ പ്രകാരം നടപ്പാക്കി പുരോഗതി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-33 കോവിഡ് പ്രവർത്തനങ്ങളുടെ അവലോകനം

ബഹു ജില്ലാ കളക്ടറുടെ 12.05.2021 ലെ - ഡി.എം.1-6182/20 നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് സി.എഫ്.എൽ.റ്റി.സി/ ഡി.സി.സികളുടെ പ്രവർത്തനങ്ങൾക്കായി മുൻകൂർ തുക അനുവദിച്ചപ്പോൾ മുത്തോലി ഗ്രാമ പഞ്ചായത്തിന് 100000/ രൂപ അനുവദിച്ചിരുന്നു. 28.04.21ൽ റോസ് ഹോസ്റ്റൽ എന്ന സ്ഥാപനത്തിൽ ഡി.സി.സി പ്രവർത്തനം ആരംഭിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ബഹു ജില്ലാ കളക്ടറുടെ 05.10.2021 ലെ - ഡി.എം.1-6182/20 നമ്പർ ഉത്തരവ് പ്രകാരം 200000/രൂപകൂടി അനുവദിച്ചിട്ടുണ്ട്. ആകെ 300000/ രൂപയാണ് നാളിതുവരെ അനുവദിച്ചിട്ടുള്ള് 31.08.21 വരെ ചെലവായ 540281/രൂപയിൽ ലഭ്യമായ 300000/ രൂപ കുറച്ച് 240281/ രൂപ അനുവദിക്കണമെന്നാവശ്യപ്പെട്ട് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയ്ക്ക് കത്ത് നൽകിയിരുന്നു. ഡി.സി.സി പ്രവർത്തനം അവസാനിപ്പിച്ച 31.08.21 വരെ ആകെ ചലവഴിച്ച 504591/രൂപ തിരികെ ലഭ്യമാക്കുന്നതിനും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയ്ക്ക് കത്ത് നൽകിയിരുന്നു. എങ്കിലും നാളിതുവരെ ലഭിച്ചിട്ടില്ല. ഡി.സി.സി പ്രവർത്തനങ്ങൾക്ക് ആകെ ചെലവഴിച്ച 1044872/രൂപയിൽ ലഭ്യമായ 300000/ രൂപ കുറച്ച് 744872/രൂപ തിരികെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ- കരാറുകാർക്ക് അധിക തുക നൽകി

2020-21- സാമ്പത്തികവർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ ഏതാനംപ്രോജക്ടുകളുടെ ഫൈനൽ ബിൽ തയ്യാറാക്കിയതിൽ സംഭവിച്ച പിഴവ് മൂലം കരാറുകാർക്ക് അധികതുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) 21/21 നെയ്യൂർ കുമാരിക്ഷേമകേന്ദ്രം ഇലക്ട്രിഫിക്കേഷൻ

പ്രോജക്ടിനായി വികസന ഫണ്ടിൽ നിന്നും 53720/രൂപ ബിൽ നമ്പർ 53/20-21/ 31.03.21 ചെലവഴിച്ചിട്ടുണ്ട്. എം.ബുക്കിലെ രേഖപ്പെടുത്തലുകൾ പ്രകാരം തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നൽകിയത് | | യഥാർത്ഥത്തിൽ അനുവദിക്കാവുന്നത് | |
|---|---|---|---|
| കോൺട്രാക്ടർക്ക് നൽകിയത്<br>എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ ഫീസ് -<br>ചെക്ക് മെഷർ ചെയ്തതിന്റെ ഫീസ് - | 51750/<br>1478<br>492 | എംബുക്ക് പ്രകാരം ആകെവേലമൂല്യം -<br>(-) 10% ടെൻഡർ ബിലോ<br>(+) 12% GsT<br>എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ ഫീസ്<br>ചെക്ക് മെഷർ ചെയ്തതിന്റെ ഫീസ്<br>ആകെ | 48943.43/<br>4894<br>5286<br>1478<br>492<br>51305.43 |
| ആകെ | 53720/ | അധികം അനുവദിച്ചത് | 2415/ (51305-53720) |

2) പ്രോജക്ട് നമ്പർ 23/21 -നാലാം വാർഡിൽ മിനി ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ എന്ന പ്രോജക്ടിനായി തനതുഫണ്ടിൽ നിന്നും 248147/ രൂപ (ചെക്ക് നമ്പർ 2674593/30.03.21) ചെലവഴിച്ചിട്ടുണ്ട്. എം.ബുക്കിലെ രേഖപ്പെടുത്തലുകൾ പ്രകാരം തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നൽകിയത് | | യഥാർത്ഥത്തിൽ അനുവദിക്കാവുന്നത് | |
|---|---|---|---|
| കോൺട്രാക്ടർക്ക് നൽകിയത്<br>എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ ഫീസ് -<br>ചെക്ക് മെഷർ ചെയ്തതിന്റെ ഫീസ് - | 238566<br>7186/<br>2395/ | എംബുക്ക് പ്രകാരം ആകെവേലമൂല്യം -<br>(-) 1% ടെൻഡർ ബിലോ<br>(+) 12% GsT<br>എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ ഫീസ്<br>ചെക്ക് മെഷർ ചെയ്തതിന്റെ ഫീസ്<br>ആകെ | 213005/<br>2130 =210875<br>25305<br>7186<br>2395<br>245761 |
| ആകെ | 248147 | അധികം അനുവദിച്ചത് | 2386/ (248147-245761) |

3) പ്രോജക്ട് നമ്പർ 219/21 -പുലിയന്നൂർ വാർഡിൽ മിനി ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ എന്ന പ്രോജക്ടിനായി തനതുഫണ്ടിൽ നിന്നും 126296/ രൂപ ചെലവഴിച്ചിട്ടുണ്ട്. എം.ബുക്കിലെ രേഖപ്പെടുത്തലുകൾ പ്രകാരം തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നൽകിയത് | | യഥാർത്ഥത്തിൽ അനുവദിക്കാവുന്നത് | |
|---|---|---|---|
| കോൺട്രാക്ടർക്ക് നൽകിയത്<br>എസ്റ്റിമേറ്റ് | 121410.52/<br>3665/ | എംബുക്ക് പ്രകാരം ആകെവേലമൂല്യം -<br>(-) 1% ടെൻഡർ | 108402.52<br>1084/ = |

| | | | |
|---|---|---|---|
| തയ്യാറാക്കിയതിന്റെ ഫീസ് - ചെക്ക് മെഷർ ചെയ്തതിന്റെ ഫീസ് - | 1220/ | ബിലോ (+) 12% GsT എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ ഫീസ് ചെക്ക് മെഷർ ചെയ്തതിന്റെ ഫീസ് ആകെ | 107318.52/ 12878 3665/ 1220/ 125082/ |
| ആകെ | 126296 | അധികം അനുവദിച്ചത് | 1214/ ( 126296-125082 ) |

4) പ്രോജക്ട് നമ്പർ229/21 പന്തത്തല കുടുംബക്ഷേമ ഉപകേന്ദ്രം വയറിംഗ് എന്ന പ്രോജക്ടിനായി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 50000/രൂപയും (Billvo53/20-21/ 31.03.21) തനതുഫണ്ടിൽ നിന്നും 30907/ രൂപയും ( ചെക്ക് നമ്പർ267459/30.3.21)ഉൾപ്പടെ ആകെ 80907/ രൂപ ചെലവഴിച്ചിട്ടുണ്ട്. എം.ബുക്കിലെ രേഖപ്പെടുത്തലുകൾ പ്രകാരം തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നൽകിയത് | | യഥാർത്ഥത്തിൽ അനുവദിക്കാവുന്നത് | |
|---|---|---|---|
| കോൺട്രാക്ടർക്ക് നൽകിയത് എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ ഫീസ് - ചെക്ക് മെഷർ ചെയ്തതിന്റെ ഫീസ് - | / 78105.36 2102 700 | എംബുക്ക് പ്രകാരം ആകെവേലമൂല്യം - (-) 10% ടെൻഡർ ബിലോ (+) 12% GsT എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ ഫീസ് ചെക്ക് മെഷർ ചെയ്തതിന്റെ ഫീസ് ആകെ | 69736.93 6973 62763 7531.58 2102 700 73096.82 |
| ആകെ | 80907/ | അധികം അനുവദിച്ചത് | 7810 ( 80907-73097) |

മേൽ പ്രസ്താവിച്ച 4പ്രോജക്ടുകൾക്കായി ആകെ 13,825/- രൂപ ( 2415+2386+1214+7810)അധികം നൽകിയിട്ടുണ്ട്. അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ 4/16.06.22നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. തുക ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ ലഭിച്ച തീയതി | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|---|
| 2020-21 | 05.03.2022 | 15.06.2022 |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2020-21 വർഷം സംയുക്ത പ്രോജക്ടിനായി ളാലം ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് 1,639,590/- രൂപയും കോട്ടയം ജില്ലാ പഞ്ചായത്തിൽ നിന്ന് 796,400/- രൂപയും ലഭിച്ചിട്ടുണ്ട്. സംയുക്ത പ്രോജക്ട് ഫണ്ടിന്റെ വിനിയോഗം ധനകാര്യ പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്(നം.) | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ളാലം ബ്ലോക്ക് പഞ്ചായത്ത് | 08/01/2021 | 200,000/- | ലൈഫ് ഭവന പദ്ധതി(ജനറൽ) (72/21) | 200,000/- | 0 |
| | 08/01/2021 | 135,000/- | ലൈഫ് ഭവന പദ്ധതി(SCSP) (113/21) | 135,000/- | 0 |
| | 11/01/2021 | 240,000/- | മുത്തോലി കടപ്പാട്ടൂർ അങ്കണവാടി മന്ദിരം പൂർത്തീകരണം(177/21) | 240,000/- | 0 |
| | 06/01/2021 | 125,000/- | മുത്തോലി ഇളന്തോട്ടം കുന്ന് ജലനിധിക്ക് മോട്ടോറും അനുബന്ധ സാമഗ്രികളും(164/21) | 125,000/- | 0 |
| | 08/02/2021 | 739,590/- | ഈന്തുംമൂട് കവലയിൽ ഹൈമാസ്റ്റ് ലൈറ്റ്(251/21) | 739,590/- | 0 |
| | 22/01/2021 | 200,000/- | ഈന്തുംമൂട് വെയ്റ്റിങ്ങ് ഷെഡ് (179/21) | 200,000/- | 0 |
| ആകെ | | 1,639,590/- | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1,639,590/- | 0 |
| കോട്ടയം ജില്ല പഞ്ചായത്ത് | 30/10/2020<br>05/11/2020 | 400,000/- | ലൈഫ് ഭവന പദ്ധതി(ജനറൽ) (72/21) | 400,000/- | 0 |
| | 22/01/2021 | 396,400/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്(75/21) | 396,400/- | 0 |
| ആകെ | | 796,400/- | ജില്ല പഞ്ചായത്ത് വിഹിതം | 796,400/- | 0 |

ജില്ല പഞ്ചായത്ത് വിഹിതം പഞ്ചായത്ത് ഫണ്ടിലുണ്ടായിരുന്നത് ചെലവഴിച്ചതായി സുലേഖ ചെലവ് പത്രികയിൽ ചേർത്തിരിക്കുന്ന പ്രോജക്ട് നം.192/21 പ്രകാരമുള്ള 271,501/- രൂപ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നാണ് ചെലവഴിച്ചിരിക്കുന്നത്. ജില്ല പഞ്ചായത്ത് വിഹിതം ക്യാപ്പിറ്റൽ ചെലവിനായുള്ള ഫണ്ടിൽ മതിയായ

നീക്കിയിരിപ്പില്ലാതിരുന്നതിനാൽ തനത് ഫണ്ട് ചെലവഴിച്ച് ചെലവ് മുൻകൂർ തുകയായി 460500501-Advance To Implementing Officers ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. ജില്ല-ബ്ലോക്ക് പഞ്ചായത്ത് ഫണ്ടുകൾ പഞ്ചായത്തിൽ അവശേഷിക്കുന്നത് ഏതൊക്കെ പ്രോജക്ടിന് ലഭിച്ചതാണ് എന്ന് വ്യക്തമാക്കുന്ന എ.സി.ആർ. സൂക്ഷിച്ചിട്ടില്ല. ജില്ല-ബ്ലോക്ക് പഞ്ചായത്ത് ഫണ്ടുകളുടെ മുന്നിരുപ്പ് വിശദാംശം ഉൾപ്പടെ എ.സി.ആർ. തയ്യാറാക്കി പ്രോജക്ട് നം.192/21 പ്രകാരമുള്ള ജില്ല പഞ്ചായത്ത് ഫണ്ടിന്റെ ചെലവ് 460500501 ശീർഷകത്തിൽ നിലനിൽക്കുന്ന മുൻകൂർ തുകയിൽ ക്രമീകരിക്കേണ്ടതാണ്.

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2020-21 വർഷത്തിൽ പഞ്ചായത്ത് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് സെക്രട്ടറി നടപ്പാക്കിയ 3 പ്രോജക്ടുകളിലൂടെ കെ.എസ്.ഇ.ബി.-യിൽ 490,913/- രൂപ നിക്ഷേപിച്ചിട്ടുണ്ട്. സുലേഖ ചെലവ് പത്രിക പ്രകാരം മുൻകൂർ നൽകിയിട്ടുള്ള തുകകളുടെയും ചെലവഴിച്ച തുകയുടെയും വിശദാംശം പ്രോജക്ട് തിരിച്ച് താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്(പ്രോജക്ട് നം.) | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| 1. | തെക്കുംമുറി ട്രാൻസ്ഫോർമർ-മുടക്കുഴ ജംഗ്ഷൻ വരെ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ(25/21) | 70,800/- | 70,800/- | 0 |
| 2. | പി.എച്ച്.സി. ക്ക് പുതിയ സർവ്വീസ് കണക്ഷൻ(227/21) | 145,113/- | 145,113/- | 0 |
| 3. | നെയ്യൂർ കുടിവെള്ള പദ്ധതിക്ക് വൈദ്യുതി കണക്ഷന് ലൈൻ ദീർഘിപ്പിക്കൽ (230/21) | 275,000/- | 275,000/- | 0 |
| | ആകെ | 490,913/- | 490,913/- | 0 |

227/21 നം. പ്രോജക്ട് ചെലവ് 145,113/- രൂപ 460500202 നിക്ഷേപ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല. 227/21 നം. പ്രോജക്ട് ചെലവ് 2.75 ലക്ഷം രൂപ നിക്ഷേപ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യാതെ 414120001 ശീർഷകത്തിൽ ആസ്തിയായി അക്കൗണ്ട് ചെയ്തു. വിനിയോഗ സാക്ഷ്യപത്രം ലഭിച്ച ശേഷം മാത്രമേ നിക്ഷേപ പ്രവൃത്തികൾ ആസ്തിയായി അക്കൗണ്ട് ചെയ്യാൻ പാടുള്ളൂ. 460500202 നിക്ഷേപ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിരിക്കുന്ന പ്രോജക്ട് നം.21/21(53,720/-), 23/21(248,147/-) പ്രകാരമുള്ള ചെലവുകൾ നിക്ഷേപ പ്രവൃത്തികളല്ല. നിക്ഷേപ പ്രവൃത്തികൾക്ക് ചെലവഴിച്ച തുകകൾ മാത്രം നിക്ഷേപ ശീർഷകത്തിൽ(460500202) ഉൾപ്പെടുത്തി പ്രസ്തുത അക്കൗണ്ടിങ്ങ് അപാകത പരിഹരിക്കേണ്ടതും അതിനനുസൃതമായി നിക്ഷേപ രജിസ്റ്റർ കൃത്യമാക്കേണ്ടതുമാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

2020-21 വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം പഞ്ചായത്തിലെ ലോൺ രജിസ്റ്റർ പ്രകാരമുള്ളത് താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത ലോൺ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന | ജി ഒ (എം.എസ്) | 989,083/- | 0 | 292,941/- | 0 | 696,142/- |

| | | | | | | | |
|---|---|---|---|---|---|---|---|
| പദ്ധതി-കെ യു ആർ ഡി എഫ് സി ലോൺ | 68/2018/എൽ എസ് ജി ഡി തീയതി 18.05.2018 | | | | | | |

2020-21 വർഷം വികസനഫണ്ട്(ജനറൽ) ഫണ്ടിൽ നിന്ന് 234,274/- രൂപയും വികസനഫണ്ട്(SCP) ഫണ്ടിൽ നിന്ന് 58,667/- രൂപയും സ്രോതസ്സിൽ ക്രമീകരിച്ചാണ് 292,941/- രൂപ തിരിച്ചടവ് നടത്തിയത്. വികസനഫണ്ട്(SCP) മുഖേന ക്രമീകരിച്ച തുക 58,666/- രൂപ എന്ന് ജി.ഓ. പ്രോജക്ടായി (നം.261/21) അക്കൗണ്ട് ചെയ്തിരിക്കുന്നതിനാൽ 1/- രൂപയുടെ വ്യത്യാസം ലോൺ തിരിച്ചടവ് അക്കൗണ്ടിങ്ങിൽ നിലനിൽക്കുന്നു. കൂടാതെ 2019-20 വർഷം വികസന ഫണ്ട് സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത് തിരികെ അടവാക്കിയ തുക 147,059/- രൂപ അക്കൗണ്ട് ചെയ്തിട്ടില്ല എന്നതിനാൽ വാർഷിക ധനകാര്യ പത്രികയിലെ മുന്നിരിപ്പ്(980083+147059=1127142) കൃത്യമല്ല. ആകെ 147,060/- രൂപയുടെ വ്യത്യാസം(147059+1) അക്കൗണ്ടിങ്ങ് അപാകതകൾ മൂലം നിലനിൽക്കുന്നത് നടപ്പുവർഷം പരിഹരിക്കേണ്ടതാണ്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ധനകാര്യ പത്രികയുടെ ഭാഗമായ 31.03.2021-ലെ ബാലൻസ് ഷീറ്റ് പ്രകാരം സ്ഥിരനിക്ഷേപം ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല.

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

മുത്തോലി ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 16-ാം വകുപ്പ്, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 എന്നിവ പ്രകാരമുള്ള ചാർജ്-സർചാർജ് നടപടികൾ നിലവിൽ തുടരുന്ന ഖണ്ഡികകൾ ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) | : | 83,740,078/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 59,159,007/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 13,825/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2,447,772/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-1 | 13,825/- | രേണകാദേവി അമ്മാൾ എ. എസ്. , |
| ആകെ | 13,825/- | സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക-നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 566,279/- | ലിറ്റി തോമസ്, സെക്രട്ടറി |
| 1-25 | 859,956/- | ലതീഷ് കുമാർ പി. വി., ഡയറി ഫാം ഇൻസ്ക്ടർ |
| 1-26 | 339,500/- | ആശാബാലകൃഷ്ണൻ, ഹെഡ്മിസ്ട്രസ് |
| 1-27 | 191,124/- | ഡോ. ജിന്റു ഫിലിപ്പ്, മെഡിക്കൽ ഓഫീസർ(PHC) |
| 1-31(1&2) | 215,913/- | ലിറ്റി തോമസ്, സെക്രട്ടറി |
| 1-31(3) | 275,000/- | രേണകാദേവി അമ്മാൾ എ. എസ്. , സെക്രട്ടറി |
| ആകെ | 2,447,772/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക-നം. | തുക | ഇനം |
|---|---|---|
| 1-26 | 61,111/- | CGST-30555.5 , SGST-30555.5 |
| 1-29 | 7,653/- | Income Tax |
| 1-30 | 1,335/- | Income Tax |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

1-24, 1-32

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| രേണകാദേവി അമ്മാൾ എ. എസ്. , സെക്രട്ടറി | സെക്രട്ടറി | മുഴിക്കൽ ഹൗസ്, പഴവങ്ങാടി(പി.ഓ.), |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1994-95 | എൽ.എഫ്.കെ.പി.2/716/97/7.10.97/ 6.1.98 | 5 |
| 1995-96 | എൽ.എഫ്.കെ.പി.2/1118/98/ 15.1.99 | 5 |
| 1998-99 ചെലവ് | എൽ.എഫ്.കെ.പി.7/അദാ/18/214(1)/ 18/06.03.18 | 2 |
| 98-99 വരവ് | എൽ.എഫ്.കെ.പി-5/553/08/9.11.09 | |
| 2000-01, 2001-02പ്ലാൻ | എൽ.എഫ്.കെ.പി.7/570/ അദാ/14(3)/ 26.11.14 | 2 |
| 2000-01 | എൽ.എഫ്.കെ.പി.7/1459/ 17/23.03.17 | 12 |
| 2001-02 | എൽ.എഫ്.കെ.പി.7/570/അദാ/14(4) 26.11.14 | 3 |
| 2002-03 | എൽ.എഫ്.കെ.പി.7/470/05/9.9.05 | 17 |

| | | |
|---|---|---|
| 2003-04 | എൽ.എഫ്.കെ.പി.7/അദാ/ 18/214(3)/18, 30.07.2020 | 3 |
| 2008-09 | എൽ.എഫ്.കെ.പി.7/1459(4)പി6/ 20.03.2017 | 3 |
| 2009-10 | എൽ.എഫ്.കെ.പി.7/1197/ 12/4.1.2013 | 4 |
| 2010-11 | എൽ.എഫ്.കെ.പി.7/19/14/20.3.14 | 7 |
| 2011-12 | എൽ.എഫ്.കെ.പി.7/639/2019/ 03.08.2020 | 4 |
| 2013-14 | എൽ.എഫ്.കെ.പി.7/639/19, 03.08.2020 | 2 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി7/639/19(9) 03.08.2020 | 4 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി7/639/19 07.08.2020 | 8 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി7/236/18/ 3.3.18 | 12 |
| 2017-18 | കെ.എസ്.എകെ.ടി.എം.പി7/1979/18/ 25.04.19 | 15 |
| 2018-19 | കെ.എസ്.എകെ.ടി.എം.പി7/1942/19/ 29.05.2020 | 18 |
| 2019-20 | കെ.എസ്.എകെ.ടി.എം.പി7/496/22/ 30.03.2022 | 24 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ മുത്തോലി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ മുത്തോലി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്